# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

JULY 2025 | Vol - 5 ● Issue - 7 ● 16 Page Tabloid | www.syromalabarvision.com


# ഇത് ആത്മശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരം

## ദുക്റാനതിരുനാളും സീറോമലബാർസഭാദിനവും പ്രമാണിച്ച് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ നല്കുന്ന ഇടയലേഖനം

**മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാന തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്കു ഈ ഓർമത്തിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടു, വിശ്വാസത്തിനു സാക്ഷ്യം നല്കുന്ന ക്രൈസ്തവജീവിതശൈലിക്ക് സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ളശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹിച്ചെങ്കിൽമാത്രമേ ഉത്ഥിതന്റെ മഹത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. ഉത്ഥാനംചെയ്ത ഈശോയുടെ മഹത്വീകൃതമായോ ശരീരത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസപ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ'.

ജൂലൈ മൂന്നാം തീയതി സീറോമലബാർ സഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചുവരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്നു ഭാരതം മുഴുവനിലേക്കും ഭാരതത്തിന്റെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലനമേഖലകൾ. ലോകത്തിന്റെ എല്ലാഭാഗങ്ങളിലുംതന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽനിന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചും നമ്മെ ഓർമപ്പെടുത്തുന്നു. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' (1 കോറി. 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമംചെയ്യാനും സാധ്യതകളില്ലാത്ത ഇടങ്ങളിലേക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻ സംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിമാസത്തിലെ സിനഡുസമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദികവിദ്യാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിത സമൂഹങ്ങളിൽ 272 പേർ സമർപ്പിതവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതമവ്രതവാഗ്ദാനംചെയ്യുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കികൊണ്ടിരിക്കുന്ന

**ശേഷം പേജ് 3-ൽ**




**നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമംചെയ്യാനും സാധ്യതകളില്ലാത്ത ഇടങ്ങളിലേക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻ സംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.**

## എഡിറ്റോറിയൽ

# കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ!

പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനായിരുന്ന തോമസ് തന്റെ വിശ്വാസപ്രഖ്യാപനത്തിലൂടെ ഒരു ജനതയുടെ പിതൃസ്ഥാനത്തേക്ക് ഉയർന്ന ധന്യനായ ശ്ലീഹായാണ്. മറ്റുള്ളവരിൽനിന്നു വ്യത്യസ്തനായിരുന്ന ശ്ലീഹാ തനതായ വഴികൾ തെളിച്ചു ജീവിച്ചു. ഗുരു ജീവിച്ചിരുന്നപ്പോൾ മനസ്സിലാകാത്തതു ചോദിച്ചു വ്യക്തതവരുത്താനും വൈകാരികമായി ഗുരുവിന്റെ കൂടെനില്ക്കാനും ധൈര്യംകാണിക്കുകയും മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും ചെയ്ത ധീരനായ വ്യക്തി. മറ്റുള്ളവരുടെ ഉത്ഥാനാനുഭവസാക്ഷ്യം കേട്ടു തൃപ്തിയടയാൻ കൂട്ടാക്കാതെ, നേരിട്ടുകാണണമെന്നും തൊടണമെന്നും അനുഭവിച്ചറിയണമെന്നും വാശിപിടിച്ച ശിഷ്യൻ. അവന്റെ നിർബന്ധത്തിനു വഴങ്ങി ഉത്ഥിതനായവൻ വീണ്ടും പ്രത്യക്ഷപ്പെട്ടു; തോമസിനുവേണ്ടിയുള്ള പ്രത്യേക ദർശനം!

തന്റെ മുൻപിൽ മുറിപ്പാടുകളുമായി വന്നുനില്ക്കുന്നവനെ സംശയിച്ചു വീണ്ടും മുറിവേല്പ്പിക്കാൻ തോമാശ്ലീഹാ തുനിഞ്ഞില്ല. മുറിവിൽ അവൻ തൊട്ടില്ല. ഹൃദയം നുറുങ്ങി നടത്തിയ വിശ്വാസപ്രഖ്യാപനത്തിലൂടെ തോമാശ്ലീഹാ ഉത്ഥിതന്റെ സ്നേഹവലയത്തിൽ സംശയമില്ലാതെ, ചോദ്യമില്ലാതെ ഉപാധികളില്ലാതെ കീഴടങ്ങി. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു ഹൃദയം നിറഞ്ഞു തോമാശ്ലീഹാ വിളിച്ചു. ആ വിളിയിൽ തന്റെ ശിഷ്യന്റെ ഹൃദയം ഗുരു വായിച്ചെടുത്തു. ദൈവാനുഭവത്തിനുവേണ്ടി കൊതിക്കുന്ന തോമസിനെപ്പോലെ ശാഠ്യംപിടിക്കുന്ന എണ്ണമറ്റ മക്കളുടെ ചിത്രം ഗുരുമനസ്സിൽ നിറഞ്ഞു. എല്ലാവർക്കും എന്നും എപ്പോഴും തന്നെ കാണാൻ സാധിക്കില്ലല്ലോ. അതിനാൽ അവൻ പറഞ്ഞു: "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ". തന്നിൽ വിശ്വസിക്കണമെങ്കിൽ തന്റെ മനുഷ്യശരീരമോ മഹത്വീകൃതശരീരമോ കാണണമെന്നോ തൊടണമെന്നോ ഒക്കെ മാനദണ്ഡം നിശ്ചയിക്കാനുള്ള സാധ്യതകളെ ഈശോ മാറ്റിക്കളയുന്നു. കാലദേശങ്ങൾക്കും സംസ്കാരങ്ങൾക്കുമപ്പുറം അപ്പോസ്തോലന്മാർ കണ്ടതുപോലെ, തോമസ് സ്പർശിച്ചതുപോലെ കാണാനും സ്പർശിക്കാനും കഴിയാതിരുന്നിട്ടും തന്നിൽ വിശ്വസിക്കുന്ന വലിയൊരു ഗണത്തെ അവിടുന്ന് കണ്ടു. അവരുടെ ദൈവാനുഭവത്തിന്റെ അളവുകോൽ അവൻ നിശ്ചയിച്ചു. തോമസിനെപ്പോലെ കാണണമെന്നും തൊടണമെന്നും ഒന്നുമില്ല. വിശ്വസിച്ചാൽ മതി; അതുമാത്രം മതി!

തന്നെ സ്നേഹിക്കുന്നവരുടെ സ്നേഹം അറിയാൻ കഴിയാത്ത ഹൃദയമല്ല ഈശോയുടേത്. താൻ പകർന്നുകൊടുത്ത സ്നേഹത്തിന്റെ സുവിശേഷം സഹസ്രാബ്ദങ്ങളിലൂടെ പ്രഘോഷിക്കപ്പെടുമ്പോൾ തോമസിനെപ്പോലെ കാണാനും തൊടാനും കൊതിക്കുന്ന വിശ്വാസികളുടെ ഹൃദയാഭിലാഷം അവൻ മനസ്സിലാക്കി. യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അധ്യായം ഒന്നാം വാക്യം ഇങ്ങനെയാണ്: "ഈ ലോകം വിട്ടു പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്നു പെസഹാതിരുനാളിനു മുൻപ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു, അവസാനംവരെ സ്നേഹിച്ചു". ഈശോയുടെ ഈ സ്നേഹത്തിന്റെ അടയാളമാണ് പരിശുദ്ധ കുർബാന.

മനുഷ്യനായി ഭൂമിയിൽ അവതരിച്ച ഈശോയെ കാണാനും തൊടാനും അടുത്തിരിക്കാനുമുള്ള മനുഷ്യന്റെ ആഗ്രഹത്തിനുള്ള ഉത്തരമാണ് വിശുദ്ധ കുർബാന. തിരുവോസ്തിയിലുള്ള കർത്താവിന്റെ യഥാർഥ സാന്നിധ്യത്തിലാണ് സഭയുടെ വിശ്വാസം അടിസ്ഥാനമിട്ടിരിക്കുന്നത്. കൂദാശചെയ്ത ഗോതമ്പപ്പത്തിന്റെ മുൻപിൽ മുട്ടുകുത്തി വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മഹത്വീകൃതനായ ഈശോയെ കണ്ടു ആത്മസംതൃപ്തി അടയുന്നവരിൽ ചിലർക്ക് അവൻ തന്റെ സാന്നിധ്യത്തിന്റെ പ്രത്യേക അനുഭവം നൽകാറുണ്ട്. കാലാകാലങ്ങളിൽ നടന്ന ദിവ്യകാരുണ്യ അടയാളങ്ങളും അത്ഭുതങ്ങളും നമ്മെ സ്നേഹിക്കുന്ന അവിടത്തെ പ്രത്യേക ഹൃദയസ്പന്ദനങ്ങളായിരുന്നു. ഈശോയുടെ സ്നേഹപ്രകടനത്തിന്റെ ഏറ്റവും അടുത്ത നേർക്കാഴ്ചയാണ് തലശ്ശേരി അതിരൂപതയിലെ വിളക്കന്നൂരിലെ ദിവ്യകാരുണ്യ അടയാളം. വിശുദ്ധ കുർബാനയുടെ അടയാളങ്ങളും അത്ഭുതങ്ങളുംവഴി ഈശോ നമ്മോടു പറയുന്ന സത്യമിതാണ്: കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ!

ആഴമായ ദൈവാനുഭവമില്ലാത്ത പ്രേഷിതവേലയും പ്രഘോഷണവും പാഴ്വേല. തോമാശ്ലീഹായെപ്പോലെ ഈശോയെ തൊട്ടറിയാനുള്ള അവസരമാണ് നമുക്കു പരിശുദ്ധ കുർബാനയിൽ. നമ്മുടെ ഹൃദയങ്ങളും 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഏറ്റുപറയുമ്പോൾ ഈശോ പറഞ്ഞ ഭാഗ്യനുഭവം നമുക്കും കരഗതമാകും. തോമാശ്ലീഹായെപ്പോലെ ദൈവാനുഭവത്തിന്റെ ഈ 'ഭാഗ്യം', സുവിശേഷവേലയുടെ കർമ്മപഥത്തിലേക്കും സഹനത്തിന്റെ ജീവിതവഴികളിലൂടെ ഉത്ഥാനസാക്ഷ്യത്തിലേക്കും നമ്മെ നയിക്കട്ടെ! ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ — സി. ലിൻഡ മൈക്കിൾ MSMI
ഡോ. ചാക്കോ കാളംപറമ്പിൽ — സി. സെലിൻ ജോർജ് MSMI
ഡോ. കൊച്ചുറാണി ജോസഫ് — സി. ജിഷ ജോബ് MSMI
**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**ജൂലൈ 1:** മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകം (2001)

**ജൂലൈ 3:** മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ
മാർ വിജയാനന്ദ് നെടുമ്പുറത്തിന്റെ മെത്രാഭിഷേകം (1990)

**ജൂലൈ 10:** മാർ ജെയിംസ് പഴയാറ്റിലിന്റെ ചരമം (2016)

**ജൂലൈ 11:** മാർ ചാൾസ് ലവീഞ്ഞ് മെത്രാന്റെ ചരമം (1913)
നർസിയായിലെ വിശുദ്ധ ബെനഡിക്ട്

**ജൂലൈ 15:** വിശുദ്ധ കുര്യാക്കോസ്, വിശുദ്ധ ജൂലിറ്റാ

**ജൂലൈ 16 :** കർമ്മലമാതാവ്

**ജൂലൈ 22:** വിശുദ്ധ മഗ്ദലേന മറിയം

**ജൂലൈ 25:** കർത്താവിന്റെ എഴുപതു ശിഷ്യന്മാർ
വിശുദ്ധ യാക്കോബ് ശ്ലീഹാ

**ജൂലൈ 26:** കോട്ടയം രൂപതയുടെ അധ്യക്ഷനായിരുന്ന മാർ തോമസ് തറയിൽ മെത്രാന്റെ ചരമം (1975)
വിശുദ്ധ യോവാക്കിം, വിശുദ്ധ അന്നാ

**ജൂലൈ 27:** പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നുസർദേൽ)

**ജൂലൈ 28:** വിശുദ്ധ അൽഫോൻസാ

**ജൂലൈ 29:** വിശുദ്ധ മർത്താ

**ജൂലൈ 31:** വിശുദ്ധ ഇഗ്നേഷ്യസ് ലയോള

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

### ജൂലൈ 3


മാർ തോമസ് ഇലവനാൽ


മാർ തോമസ് ചക്യത്ത്


മാർ തോമസ് തുരുത്തിമറ്റം


മാർ തോമസ് തറയിൽ


മാർ തോമസ് പാടിയത്ത്

### ജൂലൈ 9


മാർ അലക്സ് താരാമംഗലം

### ജൂലൈ 15


മാർ കുര്യാക്കോസ് ഭരണികുളങ്ങര

### ജൂലൈ 25


മാർ ജേക്കബ് തൂങ്കുഴി


മാർ ജേക്കബ് മനത്തോടത്ത്


മാർ ജേക്കബ് അങ്ങാടിയത്ത്


മാർ ജേക്കബ് മുരിക്കൻ


മാർ ജെയിംസ് അത്തിക്കളം

# മാർ അഫ്രഹാത്ത്

വഴികാട്ടികൾ

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



പേർഷ്യൻ സന്ന്യാസി (പേർഷ്യൻ മുനി) എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മാർ അഫ്രഹാത്ത് മൂന്നാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ വിജാതീയ മാതാപിതാക്കളിൽ നിന്നു ജനിച്ചു. പേർഷ്യൻ രാജാവായിരുന്ന ഷപ്പൂർ രണ്ടാമന്റെ ഭരണകാലത്തെ (എ. ഡി 309-379) ക്രൂരമായ മതപീഡനങ്ങളുടെ സമയത്താണ് അദ്ദേഹം ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നത്. തുടർന്ന് താപസജീവിതത്തിലേക്ക് പ്രവേശിച്ച അദ്ദേഹം ഏ. ഡി 337 നും 345 നും ഇടയിൽ തന്റെ സഹതാപസർക്കായി എഴുതിയ 23 ഉപദേശങ്ങൾ (Demonstrations) ആണ് അദ്ദേഹത്തിന്റേതായി അറിയപ്പെടുന്ന ഏകകൃതി. സുറിയാനി സഭാപിതാക്കന്മാരുടേതായി നമുക്കു ലഭിച്ചിട്ടുള്ള ആദ്യകൃതിയും ഇതുതന്നെ.

അദ്ദേഹം ഒരു മെത്രാനോ ആബട്ടോ ആയിരുന്നു എന്ന് പില്ക്കാല ചരിത്രകാരന്മാരിൽ ചിലർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അത് പൂർണമായും അംഗീകരിക്കപ്പെട്ടിട്ടില്ല. പതിനാലാം നൂറ്റാണ്ടിലെ ഒരു കയ്യെഴുത്തുപ്രതി അദ്ദേഹത്തെ 'മാർ മത്തായിയിലെ മെത്രാൻ' (അഫ്രഹാത്തിന്റെ കാലത്ത് സിറിയായുടെ കിഴക്കുഭാഗത്തുണ്ടായിരുന്ന ഒരു ആശ്രമത്തിന്റെ പേരാണ് മാർ മത്തായി) എന്ന് വിശേഷിപ്പിക്കുന്നുമുണ്ട്.

അഫ്രഹാത്ത് എന്ന പേര് 'ജ്ഞാനി' എന്നർഥം വരുന്ന 'ഫർഹാദ്' എന്ന പേർഷ്യൻ നാമത്തിന്റെ സുറിയാനി വകഭേദമാണ്. പേർഷ്യൻ സാമ്രാജ്യത്തിൽ ജനിച്ച അദ്ദേഹം തന്റെ 23 ഉപദേശങ്ങളിൽ അന്നത്തെ സാമൂഹ്യസാഹചര്യങ്ങളെക്കുറിച്ചു വ്യക്തമായ സൂചന നല്കുന്നുണ്ട്. ഉടമ്പടിയുടെ പുത്രന്മാർ (ബ്നൈ ക്യാമ) എന്ന താപസസമൂഹത്തിൽ അംഗമായിരുന്നു താനെന്നും (Dem 6, 4) വിജാതീയവിഗ്രഹങ്ങൾ ഉപേക്ഷിച്ചാണ് (Dem 16, 7) താൻ ക്രൈസ്തവിശ്വാസത്തിലേക്ക് എത്തിയതെന്നും അദ്ദേഹം സാക്ഷ്യം നല്കുന്നു.

സുറിയാനിഭാഷയിലെ 22 അക്ഷരങ്ങൾ ക്രമാനുഗതമായി ഓരോ ഡമൺസ്ട്രേഷന്റെയും ആദ്യ അക്ഷരമായി ഉപയോഗിക്കുന്ന ശൈലിയാണ് അദ്ദേഹം രചനയിൽ സ്വീകരിച്ചിരിക്കുന്നത്. വിശ്വാസം, ഉപവാസം, പ്രാർഥന, എളിമ തുടങ്ങിയ സഭയുടെ ആത്മീയജീവിതത്തെ സ്പർശിക്കുന്ന വിഷയങ്ങളും പരിഛേദനം, സാബത്ത്, പെസഹ തുടങ്ങിയ യഹൂദരുമായി അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളും അദ്ദേഹത്തിന്റെ 23 ഉപദേശങ്ങളിൽ ഉൾപ്പെടുന്നു. ■

ഒന്നാം പേജ് തുടർച്ച

അനുഗ്രഹങ്ങൾക്കു നന്ദിപറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണിനേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുവളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21നു കാലംചെയ്തത്. ഏപ്രിൽ 26-നു പരിശുദ്ധ പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കന്മാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലനസംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാപ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽസംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചു നടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമയ്ക്കുമുൻപിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർഥിക്കാം.

**ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു.**

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം എറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദനങ്ങളുംവഴി മാർപാപ്പ ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെസംബന്ധിച്ചു ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ നടത്തിയത് 2025 മെയ് 14നാണ്. അന്ന് പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധനചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധപിതാവിന്റെ അജപാലനസമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബദ്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു. പൗരസ്ത്യപാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർതോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതുപോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യംനല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യസഭയെന്നനിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവു ലെയോ പതിനാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽ നിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയജീവിതത്തിലും സഭാത്മകജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ച 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാസ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽനിന്നാണ്. വ്യത്യസ്തചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കംകുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധംസ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ! ■

---

കൂരിയബിഷപ്പിന്റെ സന്ദേശം

# എണ്ണമല്ല ഗുണമേന്മയാണ് പ്രധാനം

ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ



**കഴിഞ്ഞ കുറെ വർഷങ്ങളായി കേരളസഭയിൽ നിന്ന് ഒട്ടനവധി അല്മായപ്രേഷിതർ കുടുംബജീവിതത്തിന്റേതായ പ്രാരബ്ധങ്ങൾക്കിടയിലും മിഷൻയാത്രകൾ നടത്തിയും മിഷൻകേന്ദ്രങ്ങളിൽ താമസിച്ചും അതിശയകരമായ രീതിയിൽ സുവിശേഷപ്രചാരകരായി മാറുന്നത് ഏറെ പ്രതീക്ഷ ജനിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഇവരും എണ്ണത്തിൽ ഏറെയില്ലെങ്കിലും ഗുണമേന്മയിൽ മികച്ചുനില്ക്കുന്നവരാണ്.**

സന്യാസജീവിതത്തിലേക്കും വൈദികാന്തസിലേക്കുമുള്ള ദൈവവിളികളുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ചു കുറയുന്നു എന്ന പരാമർശം ഇപ്പോൾ പതിവായി കേൾക്കുന്നുണ്ട്. എങ്കിലും ദൈവികപദ്ധതികൾ ഒരിക്കലും പരാജയപ്പെടുകയില്ല എന്ന ഉത്തമവിശ്വാസത്തോടുകൂടി പ്രാർഥിച്ച് ദൈവത്തിൽ ആശ്രയിച്ചു ധൈര്യപൂർവ്വം മുന്നോട്ടുപോകാനാണ് നാം പരിശ്രമിക്കേണ്ടത്. ഈശോ തന്റെ ശിഷ്യഗണത്തിന്റെ എണ്ണം 12 ആയിപരിമിതപ്പെടുത്തിയാണ് മൂന്നുവർഷക്കാലം നീണ്ട പരസ്യജീവിതകാല ശുശ്രൂഷകൾ നടത്തിയത്. ശിഷ്യന്മാർ ദൗർബല്യങ്ങൾ ഒന്നിനുപുറകെ ഒന്നായി പ്രകടിപ്പിച്ചപ്പോഴെല്ലാം അവരെ കൈവിടാതെ ചേർത്തുപിടിച്ച് ശുശ്രൂഷാ നിർവഹണത്തിന് പ്രാപ്തരാക്കി.

ഈശോയുടെ മരണോത്ഥാനങ്ങൾക്കു ശേഷം ശിഷ്യന്മാർ പരിശുദ്ധ മറിയത്തോടു ചേർന്ന് സെഹിയോൻശാലയിൽ പ്രാർഥനാനിരതരായിരുന്ന വേളയിൽ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നുനിറഞ്ഞതോടെ അവർ വലിയശക്തിയും തീക്ഷണതയും ഉള്ളവരായി മാറി. ഇപ്രകാരം അരൂപിയാൽ നിറഞ്ഞ ശിഷ്യന്മാരുടെ പ്രേഷിതപ്രവർത്തനഫലമായാണ് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സുവിശേഷസന്ദേശം എത്താനും ക്രൈസ്തവിശ്വാസം വേരുപിടിക്കാനും ഇടയായത്.




ഭാരതത്തിൽ സുവിശേഷത്തിന്റെ ദീപശിഖയുമായി എത്തിയത് തോമാശ്ലീഹാ എന്ന ഒരേയൊരു ക്രിസ്തുശിഷ്യനാണ്. കർത്താവിന്റെ കൈകളിലെ ആണിപ്പഴുതുകൾ കാണാനും അവയിൽ വിരലിടാനും പാർശ്വത്തിൽ കൈവയ്ക്കാനും അനുഗ്രഹം സിദ്ധിച്ച തോമാശ്ലീഹാ അതിന്റെ ആവേശത്തിലും തീവ്രതയിലുമാണ് ഭാരതമണ്ണിൽ കാലുകുത്തിയത്. ഇരുപതുവർഷക്കാലം ഭാരതത്തിൽ ജീവിച്ച ഈ പ്രേഷിതവര്യൻ കിലോമീറ്ററുകൾ സഞ്ചരിച്ചാണ് വിവിധ ക്രൈസ്തവസമൂഹങ്ങൾക്ക് രൂപംകൊടുത്തത്. അവസാനം രക്തംചിന്തി മരിക്കാനും അദ്ദേഹം സന്നദ്ധനായി.

ഇത്തരം പ്രേഷിതതീക്ഷണതയും ഊർജ്ജസ്വലതയും ആത്മാർത്ഥതയും വിശുദ്ധിയുമുള്ള വ്യക്തികളെയാണ് സഭയ്ക്ക് ആവശ്യമായിരിക്കുന്നത്. തീക്ഷ്ണതയുള്ള നിരവധി മിഷനറിമാരെ സംഭാവന ചെയ്ത കേരളസഭയ്ക്ക് ഇനിയും ഈ മേഖലയിൽ ധാരാളം കാര്യങ്ങൾ ചെയ്യാനാവും. വൈദികരും സന്യസ്തരുമായി മാത്രം മിഷനറിമാർ പരിമിതപ്പെടുന്നില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി കേരളസഭയിൽ നിന്ന് ഒട്ടനവധി അല്മായപ്രേഷിതർ കുടുംബജീവിതത്തിന്റേതായ പ്രാരബ്ധങ്ങൾക്കിടയിലും മിഷൻയാത്രകൾ നടത്തിയും മിഷൻകേന്ദ്രങ്ങളിൽ താമസിച്ചും അതിശയകരമായ രീതിയിൽ സുവിശേഷപ്രചാരകരായി മാറുന്നത് ഏറെ പ്രതീക്ഷ ജനിപ്പിക്കുന്ന ഒരു വസ്തുതയാണ്. ഇവരും എണ്ണത്തിൽ ഏറെയില്ലെങ്കിലും ഗുണമേന്മയിൽ മികച്ചുനില്ക്കുന്നവരാണ്.

വിളവധികം വേലക്കാരോ ചുരുക്കം (മത്താ 9:37) എന്നത് ഈശോയുടെ പരസ്യജീവിതകാലത്തുതന്നെ അവിടുന്ന് മുൻകൂട്ടി കണ്ട ഒരു പ്രതിഭാസമാണ്. എന്നാൽ ഈ കുറവു പരിഹരിക്കാൻ കർത്താവുതന്നെ നിർദ്ദേശിച്ചു തന്ന മാർഗമാണല്ലോ പ്രാർഥന? തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർഥിക്കുവിൻ (മത്താ 9:38) ചെറിയ അജഗണമേ ഭയപ്പെടേണ്ടാ എന്തെന്നാൽ നിങ്ങൾക്ക് രാജ്യം നല്കാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു (ലൂക്കാ 12:32) എന്ന വചനത്തിലാശ്രയിച്ചു നമുക്കു പ്രാർഥിക്കാം.

വിശുദ്ധ തോമാശ്ലീഹായുടെ മാധ്യസ്ഥ സഹായത്താൽ ഭാരതസഭ ഇനിയും പ്രേഷിതതീക്ഷ്ണതയോടെ വളരുമെന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാം. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ പ്രാർഥനാപൂർവം ആശംസിക്കുന്നു. ■

# ദിവ്യകാരുണ്യഅടയാളങ്ങൾ: അർഥവും ലക്ഷ്യവും



**വിശുദ്ധ കുർബാനയിൽ യേശുവിന്റെ യഥാർഥശരീരവും യഥാർഥ രക്തവും ഉണ്ട് എന്നത് ഇന്ദ്രിയങ്ങൾ കൊണ്ടല്ല ദൈവികമായ ആധികാരികതയിൽ ഉറച്ച വിശ്വാസംകൊണ്ടു മാത്രമേ ഗ്രഹിക്കാൻ കഴിയുകയുള്ളൂ എന്ന സത്യം നാം മനസ്സിലാക്കണം.**

റവ. ഡോ. സിബി പുളിക്കൽ

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും പാരമ്യവുമായ വിശുദ്ധ കുർബാനയിൽ നിന്നാണ് സഭ ജീവൻ സ്വീകരിക്കുന്നത്. ഇതെന്റെ ഓർമയ്ക്കായി ചെയ്യുവിൻ എന്ന യേശുനാഥന്റെ കല്പന സ്വീകരിച്ച സഭ ഈ മഹാരഹസ്യം ആഘോഷിക്കുന്നതിൽ നാളിതുവരെ ഒരിക്കലും വീഴ്ചവരുത്തിയിട്ടില്ല. വിശുദ്ധ കുർബാനയിലുള്ള യേശുവിന്റെ സജീവസാന്നിധ്യത്തെ എക്കാലവും അർഥശങ്കയ്ക്കിടയില്ലാത്തവിധം സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാധാരണയായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിലാണ് യേശുവിന്റെ സാന്നിധ്യം വിശുദ്ധ കുർബാനയിൽ നാം കാണുന്നതും അനുഭവിക്കുന്നതും. എന്നാൽ ചരിത്രത്തിൽ പല അവസരങ്ങളിലും അസാധാരണമായ വിധത്തിൽ തിരുവോസ്തി തിരുശരീരമായും കാസയിലെ വീഞ്ഞ് രക്തമായും മാറുന്നതും മറ്റും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തിരുവോസ്തിയിൽ നിന്ന് രക്തം ഒഴുകുന്നതായും തിരുവോസ്തി കേടുകൂടാതെ കാലങ്ങളോളം ഇരിക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അടുത്തകാലത്തായി തലശേരി അതിരൂപതയിലെ വിളക്കന്നൂരിൽ തിരുവോസ്തിയിൽ യേശുവിന്റെ മുഖചിത്രം പ്രത്യക്ഷപ്പെട്ടത് പന്ത്രണ്ടുവർഷങ്ങൾക്കു ശേഷവും മാറ്റമില്ലാതെ കാണുന്നതും നാം അറിയുകയുണ്ടായി. ഇത്തരുണത്തിൽ ദിവ്യകാരുണ്യാത്ഭുതങ്ങൾ എന്ന് നാം വിളിക്കുന്ന ഈ അസാധാരണ പ്രതിഭാസങ്ങളെ എങ്ങനെയാണ് വിശ്വാസികൾ മനസ്സിലാക്കേണ്ടത് എന്ന് അറിയേണ്ടത് അത്യാവശ്യമാണ്.

## വിശുദ്ധ കുർബാനയിലെ സത്താഭേദം ഏറ്റവും വലിയ അത്ഭുതം

സത്താഭേദത്തിലൂടെ എല്ലാ വിശുദ്ധ കുർബാനകളിലും സംഭവിക്കുന്ന യേശുവിന്റെ സജീവസാന്നിധ്യമാണ് ഏറ്റവും വലിയ ദിവ്യകാരുണ്യാത്ഭുതം. ഇതിനോട് തുലനം ചെയ്യുമ്പോൾ ദിവ്യകാരുണ്യവുമായി ബന്ധപ്പെട്ട മറ്റ് അസാധാരണപ്രതിഭാസങ്ങൾക്ക് പ്രാഥമികമല്ലാത്ത പ്രാധാന്യമേ ഉള്ളൂ. എല്ലാ സാധുവായ വിശുദ്ധ കുർബാനയർപ്പണത്തിലും അപ്പവും വീഞ്ഞും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശുവിന്റെ യഥാർഥ ശരീരവും രക്തവുമായി മാറുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഈ വിശ്വാസസത്യത്തെ ഇങ്ങനെ വിശദീകരിക്കുന്നു. അപ്പവും വീഞ്ഞും കൂദാശചെയ്യപ്പെടുമ്പോൾ അപ്പത്തിന്റെ മുഴുവൻ സത്തയും നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ ശരീരത്തിന്റെ സത്തയാകുകയും വീഞ്ഞിന്റെ മുഴുവൻ സത്തയും അവിടുത്തെ രക്തത്തിന്റെ സത്തയാകുകയും ചെയ്യുന്ന ഒരു മാറ്റം സംഭവിക്കുന്നു. ഈ മാറ്റത്തെ സത്താഭേദം എന്ന് കത്തോലിക്കാസഭ ഉചിതവും യുക്തവുമായി വിളിക്കുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1376).

വിശുദ്ധ കുർബാനയിൽ യേശുവിന്റെ യഥാർഥശരീരവും യഥാർഥ രക്തവും ഉണ്ട് എന്നത് ഇന്ദ്രിയങ്ങൾ കൊണ്ടല്ല ദൈവികമായ ആധികാരികതയിൽ ഉറച്ച വിശ്വാസംകൊണ്ടു മാത്രമേ ഗ്രഹിക്കാൻ കഴിയുകയുള്ളൂ എന്ന സത്യം നാം മനസ്സിലാക്കണം.

## ദിവ്യകാരുണ്യ അടയാളങ്ങളെ എങ്ങനെ മനസിലാക്കണം?

ദിവ്യകാരുണ്യാത്ഭുതങ്ങളെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ ദൈവികവെളിപാടുകളെക്കുറിച്ചുള്ള സഭയുടെ പഠനം എന്താണെന്ന് നാം അറിയണം. സഭയിൽ പൊതുവെളിപാടുകളും സ്വകാര്യവെളിപാടുകളും ഉണ്ട്. വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ വിശുദ്ധ പാരമ്പര്യത്തിലും ഉള്ളതും സഭ ഔദ്യോഗികമായി പഠിപ്പിച്ചിട്ടുള്ളതുമായ വിശ്വാസ സത്യങ്ങളെയാണ് പൊതുവെളിപാടായി കണക്കാക്കുന്നത്. അവയെല്ലാം വിശ്വസിക്കേണ്ടതും രക്ഷയ്ക്ക് ആവശ്യമുള്ളവയുമാണ്. വിശുദ്ധ കുർബാനയിലുള്ള യേശുവിന്റെ സജീവസാന്നിധ്യം പൊതുവെളിപാടിന്റെ ഭാഗമായതിനാൽ എല്ലാ വിശ്വാസികളും അത് വിശ്വസിക്കാൻ കടപ്പെട്ടവരാണ്. എന്നാൽ ദിവ്യകാരുണ്യാത്ഭുതങ്ങൾ എന്ന പേരിൽ നാം പറയുന്ന വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട സാധാരണപ്രതിഭാസങ്ങൾ സ്വകാര്യവെളിപാടിന്റെ ഗണത്തിൽപെട്ടതാകയാൽ ആ വെളിപാടുകൾ നിർബന്ധപൂർവ്വം വിശ്വസിക്കേണ്ട കാര്യങ്ങളിൽ പെടുന്നവയല്ല. സ്വകാര്യവെളിപാടുകളെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. വിവിധ കാലഘട്ടങ്ങളിൽ സ്വകാര്യവെളിപാടുകൾ എന്ന് വിളിക്കപ്പെടുന്നവ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലതിന് സഭയുടെ അധികാരികളിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുമുണ്ട്. എന്നിരുന്നാലും അവ സഭയുടെ വിശ്വാസനിക്ഷേപത്തിന്റെ ഭാഗമല്ല. പ്രസ്തുത വെളിപാടുകളുടെ ലക്ഷ്യം ക്രിസ്തുവിലൂടെ അന്തിമമായി നല്കപ്പെട്ട വെളിപാടുകളെ മെച്ചപ്പെടുത്തുകയോ പൂർത്തീകരിക്കുകയോ അല്ല പ്രത്യുത ചരിത്രത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിൽ ക്രിസ്തുവിന്റെ വെളിപാടിന് അനുസൃതമായി കൂടുതൽ പൂർണമായി ജീവിക്കാൻ സഹായിക്കുക എന്നതാണ് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 67).

## ദിവ്യകാരുണ്യ അടയാളങ്ങളുടെ ലക്ഷ്യമെന്ത്?

ദിവ്യകാരുണ്യാത്ഭുതങ്ങൾ എന്ന് നാം വിളിക്കുന്ന വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട അസാധാരണപ്രതിഭാസങ്ങൾ സ്വകാര്യവെളിപാടുകളുടെ ഗണത്തിൽ പെടുന്നത് ആകയാൽ അവയെ നിർബന്ധപൂർവ്വം വിശ്വസിക്കാൻ വിശ്വാസികൾക്ക് കടമയില്ല എന്ന് നാം കണ്ടുകഴിഞ്ഞു. അങ്ങനെയെങ്കിൽ ദിവ്യകാരുണ്യ അടയാളങ്ങളുടെ ലക്ഷ്യമെന്തായിരിക്കും? ഇങ്ങനെയുള്ള സംഭവങ്ങൾ സാധാരണവിശ്വാസികളുടെ വിശ്വാസത്തെ ആഴപ്പെടുത്താൻ സഹായിക്കും എന്നതുകൊണ്ടാണ് ദൈവം അവ അനുവദിക്കുന്നത്. അവയെ പരിപൂർണമായി അവഗണിക്കുന്നത് ഒരുപക്ഷേ സഭാമക്കളുടെ ആത്മീയവളർച്ചയ്ക്കുവേണ്ടി ദൈവം തരുന്ന കൃപയെ അവഗണിക്കലായി തീർന്നേക്കാം. അതുകൊണ്ട് സഭാമക്കളുടെ വിശ്വാസവളർച്ചയ്ക്ക് സഭാധികാരികളുടെ അംഗീകാരത്തോടെ അവ ഉപയോഗിക്കുന്നത് നല്ലതാണ്.

ഉദാഹരണമായി വിശുദ്ധ കുർബാന യേശുവിന്റെ കുരിശിലെ ബലിയുടെ അനുസ്മരണവും ആഘോഷവുമാണെന്ന സത്യത്തെ ഒരു സാധാരണ വിശ്വാസിക്ക് മനസ്സിലാക്കാനും അംഗീകരിക്കാനും അപ്പവും വീഞ്ഞും യഥാർഥശരീരരക്തങ്ങളായി കാണപ്പെടുമ്പോൾ സാധിച്ചേക്കാം. അല്ലെങ്കിൽ യേശുവിന്റെ തിരുമുഖം തിരുവോസ്തിയിൽ കാണാൻ സാധിക്കുമ്പോൾ വിശുദ്ധ കുർബാനയിലുള്ള യേശുവിന്റെ സജീവസാന്നിധ്യത്തെ പൂർണമായി വിശ്വസിക്കാൻ ഒരു വ്യക്തിക്ക് ഇടയായെന്നുംവരാം. ദിവ്യകാരുണ്യ അത്ഭുതങ്ങളെല്ലാം വിശുദ്ധ കുർബാനയിലുള്ള യേശുവിന്റെ യഥാർഥ സാന്നിധ്യത്തെ കാണുവാനും അനുഭവിക്കാനും നമ്മെ സഹായിക്കുന്ന അടയാളങ്ങളാണ്.

## ദിവ്യകാരുണ്യ അടയാളങ്ങളും സഭയുടെ അംഗീകാരവും

ദിവ്യകാരുണ്യ അടയാളങ്ങളെക്കുറിച്ച് സഭയുടെ ഭാഗത്തുനിന്ന് ശാസ്ത്രീയമായും ദൈവശാസ്ത്രപരമായും പഠനങ്ങൾ നടത്താറുണ്ട്. അങ്ങനെയുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ സഭ അംഗീകാരം കൊടുത്തുവെന്ന് പറയുമ്പോൾ അങ്ങനെയൊരു അത്ഭുതം നടന്നു എന്ന് പഠിപ്പിക്കുകയല്ല സഭ ചെയ്യുന്നത് മറിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവത്തിൽ വിശ്വാസത്തിനും ധാർമികതയ്ക്കും എതിരായത് ഒന്നുമില്ല എന്നും വിശ്വാസികൾക്ക് തങ്ങളുടെ ആത്മീയജീവിതത്തിനുള്ള വളർച്ചയ്ക്ക് അവയെ ശ്രദ്ധയോടെ ഉപയോഗിക്കാം എന്നുമാണ്. ഇങ്ങനെയുള്ള അത്ഭുതങ്ങൾ മൂലം ദൈവജനത്തിന് ഉണ്ടാകാവുന്ന നന്മകളെക്കുറിച്ച് സഭ ബോധവതിയാണെങ്കിലും ഇത്തരം സ്വകാര്യവെളിപാടുകൾക്ക് അമിതപ്രാധാന്യം നല്കുന്നതിനെ സഭയൊരിക്കലും പ്രോത്സാഹിപ്പിക്കുന്നില്ല. ദിവ്യകാരുണ്യ അടയാളങ്ങൾ ദൈവജനത്തെ അനുദിനജീവിതത്തിൽ ദിവ്യബലിയോടുള്ള സ്നേഹം വർധിപ്പിക്കാൻ ഇടയാക്കുകയും വിശുദ്ധബലിയിൽ ഭക്തിയോടെ പങ്കെടുക്കുവാൻ സഹായിക്കുകയും ചെയ്യണം.

## സഭയുടെ ദിവ്യകാരുണ്യപ്രബോധനങ്ങളും ദിവ്യകാരുണ്യ അടയാളങ്ങളും

വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ ശരീരരക്തങ്ങളായി മാറുന്നുവെന്ന വിശ്വാസസത്യം എല്ലാ കാലഘട്ടങ്ങളിലും സഭ പ്രഘോഷിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെന്ത്രോസ് വത്തിക്കാൻ കൗൺസിൽ തുടങ്ങിയ സാർവത്രിക സൂനഹദോസുകളിലെല്ലാം സഭ ഇക്കാര്യം ഔദ്യോഗികമായി പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ സഭയുടെ ഈ ഔദ്യോഗികപ്രബോധനങ്ങളൊന്നും ദിവ്യകാരുണ്യഅടയാളങ്ങളെ അടിസ്ഥാനമാക്കിയുള്ളവയല്ല. മറിച്ച് വിശുദ്ധഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയും സഭയ്ക്ക് ലഭിച്ച ദൈവികവെളിപാടിന്റെ വെളിച്ചത്തിലായിരുന്നു. പൗലോസ് ശ്ലീഹാ കൊറീന്തോസിലെ സഭയ്ക്ക് വിശുദ്ധകുർബാനയെക്കുറിച്ച് എഴുതുമ്പോൾ പറയുന്നതുപോലെ കർത്താവിൽ നിന്ന് എനിക്ക് ലഭിച്ചതാണ് ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നത്. (1 കോറി 11:23). വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ രക്തശരീരങ്ങളായി മാറുന്നുവെന്ന സത്യം ക്രിസ്തു തന്നെ സഭയെ പഠിപ്പിച്ചതാണ്.

## ഉപസംഹാരം

വിശുദ്ധ കുർബാന എന്ന മഹാരഹസ്യത്തെയും അതിലുള്ള യേശുവിന്റെ സജീവസാന്നിധ്യത്തെയും മനസ്സിലാക്കാൻ ദിവ്യകാരുണ്യഅടയാളങ്ങൾ നിരവധിപേരെ സഹായിച്ചിട്ടുണ്ട് എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. എന്നാൽ അനുദിനം അർപ്പിക്കുന്ന വിശുദ്ധകുർബാനയെക്കാൾ പ്രാധാന്യം ദിവ്യകാരുണ്യഅടയാളങ്ങൾക്ക് കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന കാര്യം വിശ്വാസികളെ ഓർമിപ്പിക്കാൻ സഭാധികാരികൾക്ക് കടമയുണ്ട്. വിശുദ്ധ കുർബാനയിലുള്ള യേശുവിന്റെ സജീവസാന്നിധ്യത്തെ തെളിയിക്കുക എന്ന ധർമമല്ല ദിവ്യകാരുണ്യഅത്ഭുതങ്ങൾക്കുള്ളത്. മറിച്ച് അപ്പസ്തോലികകാലഘട്ടം മുതൽ സഭ വിശ്വസിച്ചുപോരുന്ന ദിവ്യകാരുണ്യരഹസ്യത്തെ വീണ്ടും ഉറപ്പുവരുത്തുകയും വ്യക്തമാക്കുകയുമാണ് ചെയ്യുന്നത്. ■

# വിശുദ്ധ കുർബാനയിൽ കർമനിരതനായ പരിശുദ്ധ റൂഹ

**പവിത്രീകരിക്കുക എന്നതാണ് പരിശുദ്ധറൂഹായുടെ മുഖ്യദൗത്യം. തന്മൂലം സുറിയാനി പാരമ്പര്യം റൂഹായെ റൂഹാദ്കുദ്ശാ എന്നു വിളിക്കുന്നു. പരിശുദ്ധിയുടെ ആത്മാവെന്നോ പവിത്രീകരിക്കുന്ന ആത്മാവെന്നോ ഈ നാമധേയത്തെ മനസ്സിലാക്കാം.**



ലിറ്റർജി

**റവ. ഡോ. പോളി മണിയാട്ട്**

ലിറ്റർജി മുഖ്യമായും പരിശുദ്ധ ത്രിത്വത്തിന്റെ ജോലിയാണെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നുണ്ട് (CCC 1077-1112). മിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷമായി വിശുദ്ധ കുർബാനയെ അവതരിപ്പിക്കുന്നതിൽ പരിശുദ്ധ റൂഹാ നിർണായകമായ പങ്കുവഹിക്കുന്നു. കർത്താവിനെ കണ്ടുമുട്ടാൻ സഭയെ ഒരുക്കുന്നത് റൂഹായാണ്. വിശ്വസിക്കുന്ന ആരാധനാസമൂഹത്തിന് മുന്നിൽ മിശിഹായെയും അവിടുത്തെ പെസഹാരഹസ്യത്തെയും പരിശുദ്ധ റൂഹാ പ്രത്യക്ഷമാക്കുന്നു. (CCC 1092). വിശ്വാസത്തെ ഉദ്ദീപിപ്പിച്ചുകൊണ്ടും മാനസാന്തരം ജനിപ്പിച്ചുകൊണ്ടും പിതാവിന്റെ ഹിതത്തോട് വിധേയത്വം ഉളവാക്കിക്കൊണ്ടുമാണ് പരിശുദ്ധ റൂഹാ കുർബാനയിൽ പ്രവർത്തനനിരതനാകുന്നത് (CCC 1098).

പവിത്രീകരിക്കുക എന്നതാണ് പരിശുദ്ധ റൂഹായുടെ മുഖ്യദൗത്യം. തന്മൂലം സുറിയാനി പാരമ്പര്യം റൂഹായെ റൂഹാദ്കുദ്ശാ എന്നു വിളിക്കുന്നു. പരിശുദ്ധിയുടെ ആത്മാവെന്നോ പവിത്രീകരിക്കുന്ന ആത്മാവെന്നോ ഈ നാമധേയത്തെ മനസ്സിലാക്കാം. കൂദാശാകർമത്തിന്റെ (പവിത്രീകരണ കർമത്തിന്റെ) വിധാതാവാണ് പരിശുദ്ധ റൂഹ. കൂദാശ എന്ന സുറിയാനിപദം ലിറ്റർജിയിൽ വ്യത്യസ്ത അർഥതലങ്ങളിൽ പ്രയോഗിച്ചുവരുന്നുണ്ട്. ആരോഹണമാനത്തിൽ (anabatic qudasha) കൂദ്വാശ എന്നാൽ ദൈവത്തിനർപ്പിക്കുന്ന സ്തുതിയും കൃതജ്ഞതയുമാണ്. അവരോഹണമാനത്തിൽ (katabatic qudasha) കൂദാശ എന്നാൽ വേർതിരിക്കൽ, പ്രതിഷ്ഠിക്കൽ, മാറ്റംവരുത്തൽ, പവിത്രീകരിക്കൽ എന്നൊക്കെ അർഥങ്ങളുണ്ട്. മനുഷ്യരുടെയും വസ്തുക്കളുടെയും പവിത്രീകരണമാണ് ലിറ്റർജിയിൽ അവരോഹണമാനത്തിലുള്ള കൂദാശ എന്ന പദംകൊണ്ട് അർഥമാക്കുന്നത്.

ആരോഹണമാനത്തിലും അവരോഹണമാനത്തിലുമുള്ള കൂദാശയാണ് വിശുദ്ധ കുർബാനയിൽ പരിശുദ്ധറൂഹായുടെ മുഖ്യപ്രവൃത്തികൾ. കുർബാനയിലെ പ്രാർഥനകൾ ഏറിയപങ്കും ആരോഹണമാനത്തിലുള്ള കൂദാശയാണ്. ദൈവത്തിന് സ്തുതിയും മഹത്വവും കൃതജ്ഞതയും അർപ്പിക്കുക എന്നത് ആത്യന്തികമായി പരിശുദ്ധറൂഹായിലൂടെ പൂർത്തീകരിക്കാൻ കഴിയുന്ന കാര്യങ്ങളാണ്. ദൈവം നമുക്കുവേണ്ടി ചെയ്ത കാര്യങ്ങളെല്ലാം അനുസ്മരിപ്പിച്ചുകൊണ്ട് ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാൻ റൂഹായാണ് സഭയെ പ്രേരിപ്പിക്കുന്നത്. യഥാർഥമായ ഏതൊരു ദൈവസ്തുതിയും ഉയർത്താൻ മനുഷ്യന് സാധിക്കുന്നത് പരിശുദ്ധ റൂഹായിലൂടെയാണ്. ദൈവത്തെ ആബാ–പിതാവേ– എന്നു നാം വിളിക്കുന്നത് പരിശുദ്ധ റൂഹായിലൂടെയാണെന്ന് പരിശുദ്ധ ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു (റോമാ. 8:15).

സർവചരാചരവും ദൈവത്തെ നിരന്തരം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ വിശ്വാസികളായ നമ്മൾ ദിവ്യാത്മാവിൻ ഗീതികളാലാണ് ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതെന്ന് കുർബാനയിലെ ശൂറായ കീർത്തനം നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവതിരുസന്നിധിയിൽ അനുതാപത്തോടും നന്ദിനിറഞ്ഞ ഹൃദയത്തോടും കൂടി നിന്ന് പ്രാർഥിക്കുവാനുള്ള കൃപ റൂഹായിലൂടെ നമുക്കു ലഭിക്കുന്നു. ദൈവതിരുമുമ്പാകെ ഹൃദയപരമാർഥതയോടെ നില്ക്കാൻ സഹായകനായ പരിശുദ്ധറൂഹാ നമ്മെ എങ്ങനെ സഹായിക്കുമെന്ന് ഈശോ വ്യക്തമാക്കുന്നുണ്ട്. 'അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും' (യോഹ 16:8). ഹൃദയപരമാർഥതയോടെ ദൈവത്തെ വിളിച്ചപേക്ഷിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്താനും നമ്മെ തയ്യാറാക്കുന്ന സഹായകനാണ് റൂഹാ. ആരോഹണമാനത്തിലുള്ള കൂദാശ നിർവഹിക്കാൻ റൂഹായാണ് നമ്മെ ശക്തരാക്കുന്നതെന്ന് മാർ തെയദോറിന്റെ കൂദാശയിലെ രണ്ടാം ഗ്ഹാന്ത പ്രാർഥന വ്യക്തമാക്കുന്നുണ്ട്. 'പിതാവേ, അങ്ങിൽനിന്നുള്ളവനും സത്യാത്മാവുമായ പരിശുദ്ധാത്മാവ് സകല സൃഷ്ടികളെയും ശക്തരാക്കുകയും പവിത്രീകരിക്കുകയും അങ്ങയുടെ ആരാധ്യമായ ദൈവത്വത്തിന് സ്തുതികളർപ്പിക്കാൻ അർഹരാക്കുകയും ചെയ്തിരിക്കുന്നു'.

അവരോഹണമാനത്തിലുള്ള കൂദാശ പരിശുദ്ധറൂഹായുടെ സവിശേഷപ്രവൃത്തിയാണ്. റൂഹാ അപ്പത്തെയും വീഞ്ഞിനെയും കർത്താവീശോമിശിഹായുടെ ശരീരരക്തങ്ങളാക്കി പവിത്രീകരിക്കുന്നു. പരിശുദ്ധറൂഹായാണ് ദിവ്യരഹസ്യങ്ങളെ പവിത്രീകരിക്കുന്നതെന്ന് വളരെ വ്യക്തമായി കുർബാനയിലെ പ്രാർഥനകൾ ഉദ്ഘോഷിക്കുന്നു. മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിലെ റൂഹാക്ഷണപ്രാർഥനയിൽ നമ്മുടെ പവിത്രീകരണത്തിനുവേണ്ടി ദിവ്യരഹസ്യങ്ങളെ പവിത്രീകരിക്കണമേ എന്നാണ് റൂഹായോട് അപേക്ഷിക്കുന്നത്.

അപ്പവും വീഞ്ഞും പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താലാണ് മിശിഹായുടെ ശരീരരക്തങ്ങളായി മാറുന്നതെന്ന് മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകളിലെ റൂഹാക്ഷണപ്രാർഥനകൾ വ്യക്തമാക്കുന്നുണ്ട്. റാസക്രമത്തിലെ സാഷ്ടാംഗപ്രണാമവേളയിൽ ജനംപാടുന്ന ഓനീസയിലും പരിശുദ്ധ റൂഹാ ദിവ്യരഹസ്യങ്ങളെ പവിത്രീകരിക്കുന്നു എന്ന് ഉദ്ഘോഷിക്കുന്നുണ്ട്.

റൂഹാ ദിവ്യരഹസ്യങ്ങളെ പവിത്രീകരിക്കുന്നത് സമൂഹത്തിന്റെ പവിത്രീകരണത്തിനായാണെന്ന് കുർബാനയിലെ പ്രാർഥനകൾ ഊന്നിപ്പറയുന്നു. മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയിലെ റൂഹാക്ഷണ പ്രാർഥനയിൽ ദിവ്യരഹസ്യങ്ങളുടെ പവിത്രീകരണത്തെക്കാൾ വലിയ പ്രാധാന്യമാണ് ആരാധനാസമൂഹത്തിന്റെ പവിത്രീകരണത്തിന് നല്കിയിരിക്കുന്നത്.

കൂദാശ ചെയ്യപ്പെടുന്ന ദിവ്യരഹസ്യങ്ങളിൽ പങ്കുചേരുന്നവർക്ക് അത് പവിത്രീകരണത്തിന് ഹേതുവായിത്തീരട്ടെ എന്ന് മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശകളിലെ റൂഹാക്ഷണപ്രാർഥനകൾ ഏറ്റുപറയുന്നുണ്ട്. സമൂഹത്തിന്റെ മേൽ പരിശുദ്ധറൂഹാ എഴുന്നെള്ളിവരട്ടെ എന്ന പ്രാർഥനയ്ക്ക് ഊന്നൽ നല്കിക്കൊണ്ടാണ് 'ഞങ്ങളുടെമേലും ഈ കുർബാനയുടെ മേലും..' എന്ന് മാർ തെയദോറിന്റെ റൂഹാക്ഷണപ്രാർഥനയിൽ പ്രാർഥിക്കുന്നത്.

പവിത്രീകരിക്കുന്ന ദിവ്യരഹസ്യങ്ങളെ സമീപിക്കാനും അവയിൽ പങ്കുകൊള്ളാനും നമ്മൾ യോഗ്യരായിത്തീരുന്നത് പരിശുദ്ധ റൂഹായുടെ കൃപാവരത്താലാണെന്ന് കുർബാനസ്വീകരണത്തെത്തുടർന്നുള്ള ശുശ്രൂഷിയുടെ പ്രഘോഷണത്തിൽ പ്രതിപാദിക്കുന്നുണ്ട്. കുർബാനയിലെ പാപമോചനശുശ്രൂഷയിൽ വി.കുർബാന സ്വീകരിച്ചു പരിശുദ്ധറൂഹായാൽ പവിത്രീകരിക്കപ്പെടാനും എന്ന് ശുശ്രൂഷി ആഹ്വാനം ചെയ്യുന്നുണ്ട്.

വിശുദ്ധ കുർബാനയിൽ ദിവ്യരഹസ്യങ്ങളെ പവിത്രീകരിച്ച് അവയിലൂടെ ആരാധനാസമൂഹത്തിന്മേൽ പരിശുദ്ധ റൂഹാ നിർവഹിക്കുന്ന പവിത്രീകരണം അർഥമാക്കുന്നത് ദൈവത്തോടും സഹോദരങ്ങളോടുമുള്ള ഗാഢമായ ഐക്യമാണ്. (ശവ്ത്താസൂസ). ഈ ഐക്യത്തിനുവേണ്ടിയുള്ള തീക്ഷണമായ പ്രാർഥന നെസ്തോറിയസിന്റെ കൂദാശയിലെ റൂഹാക്ഷണപ്രാർഥനയിൽ കാണാം. 'ഏക പ്രത്യാശയിൽ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ ഏകശരീരവും ഏകആത്മാവുമായിത്തീരാൻ തക്കവിധം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധത്തിൽ ഞങ്ങളെ അന്യോന്യം യോജിപ്പിക്കണമേ'. ലത്തീൻ പാരമ്പര്യത്തിലുള്ള വിശുദ്ധ ബലിയിലെ കൃതജ്ഞതാസ്തോത്ര പ്രാർഥനകളിലും ആരാധനാസമൂഹത്തെ ഒരു ശരീരവും ഒരു ആത്മാവുമാക്കിത്തീർക്കണമേ എന്ന തീക്ഷ്ണമായ അപേക്ഷയുണ്ട്.

അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി കൂദാശ ചെയ്യപ്പെടുന്നതുപോലെ ദിവ്യരഹസ്യങ്ങളിൽ പങ്കുചേരുന്ന നമ്മളും പരിശുദ്ധ റൂഹായുടെ പ്രവർത്തനങ്ങളാൽ മിശിഹായുടെ ഏകശരീരത്തിന്റെ ഭാഗമായി കൂദാശ ചെയ്യപ്പെടുക എന്നതാണ് കുർബാനയുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. സ്നേഹത്തിന്റെ കൂദാശ എന്ന ശ്ലൈഹിക പ്രബോധനത്തിൽ ഇത്തരമൊരു കൂദാശ ചെയ്യപ്പെടലിന്റെ ആവശ്യകതയെക്കുറിച്ചു ബെനഡിക്ട് പാപ്പ പഠിപ്പിക്കുന്നുണ്ട്. റൂഹാക്ഷണപ്രാർഥനയിൽ പുരോഹിതൻ പരിശുദ്ധറൂഹായെ വിളിച്ചപേക്ഷിക്കുന്നത് അപ്പത്തെയും വീഞ്ഞിനെയും മിശിഹായുടെ ശരീരവും രക്തവുമാക്കി മാറ്റാനും സമൂഹം മുഴുവനെയും പൂർവാധികം മിശിഹായുടെ ശരീരമാക്കി മാറ്റാനുമാണ്.

ചുരുക്കത്തിൽ കുർബാനയിലെ ദൈവമനുഷ്യബന്ധത്തിന്റെ ആഘോഷത്തിന്റെ എല്ലാതലങ്ങളിലും പരിശുദ്ധറൂഹായുടെ സജീവപ്രവർത്തനം ദൃശ്യമാണ്. ഈ തിരിച്ചറിവോടെ റൂഹായുടെ കൃപാവരങ്ങളോട് യഥാർഥമായി പ്രതികരിക്കുമ്പോൾ ലിറ്റർജി ജീവിതത്തെയൊന്നാകെ സ്വാധീനിക്കുന്ന മഹാശക്തിയായിത്തീരും. ■

# അമിത ഉത്കണ്ഠയും ചികിത്സയും

മെന്റൽ ഹെൽത്ത് കോർണർ

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**

സമൂഹത്തിലെ മൂന്നു ശതമാനത്തിലേറെ പേർക്ക് ജീവിതത്തിലൊരിക്കലെങ്കിലും വരാൻ സാധ്യതയുള്ള അവസ്ഥയാണ് ജനറലൈസ്ഡ് ആങ്സൈറ്റി ഡിസോർഡർ. ശരാശരി ഇരുപത് വയസ്സിൽ ആരംഭിക്കുന്ന ഈ രോഗം പുരുഷന്മാരേക്കാൾ സ്ത്രീകളിലാണ് കൂടുതലായി കണ്ടുവരുന്നത്. ഗവേഷണ ഫലങ്ങൾ പറയുന്നത് മുപ്പത് ശതമാനം പേരിൽ ജനിതകപാരമ്പര്യ ഘടകങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നുവെന്നാണ്. ചില ശാരീരിക ലക്ഷണങ്ങൾ കുറഞ്ഞരീതിയിൽ കുട്ടികളിലും ഇത്തരം അവസ്ഥ കാണുന്നു. പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ സദാസമയം മനസിൽ കഠിനമായ ഉത്കണ്ഠ മിക്ക ദിവസങ്ങളിലും അനുഭവപ്പെടുന്ന അവസ്ഥ, അനുബന്ധ ശാരീരിക ലക്ഷണങ്ങളും കൂടി ആറ് മാസത്തിലധികം നിലനിൽക്കുമ്പോൾ അത് ജനറലൈ



സ്ഡ് ആങ്ങ്സൈറ്റി ഡിസോർഡർ ആണെന്ന നിഗമനത്തിലെത്താം.

## ലക്ഷണങ്ങൾ

ശ്രദ്ധക്കുറവ്, ഒരിടത്ത് സമാധാനപരമായി ഇരിക്കാൻ പറ്റാത്ത തരത്തിലുള്ള അസ്വസ്ഥത, പേശികൾ വലിഞ്ഞുമുറുക്കുന്നതു പോലെയുള്ള അനുഭവം, ഉറക്കക്കുറവ്, ദേഷ്യം, തലചുറ്റൽ, മനസ് ശൂന്യമാകുന്നതുപോലെയുള്ള തോന്നൽ, ശ്വാസതടസം, എല്ലാറ്റിനോടുമുള്ള അമ്പരപ്പ്, നന്നായി വിയർക്കൽ, ഇടയ്ക്കിടെ ഓക്കാനം വരിക, വയറ് സംബന്ധമായ അസ്വസ്ഥതകൾ (Irritable Bowel Syndrome) എന്നിവയെല്ലാം ഉൾപ്പെടുന്നു.

## കാരണങ്ങൾ

ജനിതകപരമായ കാരണങ്ങൾ ഇതിൽ പ്രധാനപങ്കുവഹിക്കുന്നുണ്ട്. തലച്ചോറിലെ ന്യൂറോ ട്രാൻസ്മിറ്ററുകളുടെ വ്യതിയാനം, മോശവും സമ്മർദ്ദവും നിറഞ്ഞ ജീവിതസാഹചര്യങ്ങൾ, ശരീരത്തിലെ ഓട്ടോണോമിക് നാഡീവ്യൂഹങ്ങളുടെ പ്രവർത്തനതകരാർ, തലച്ചോറിലെ ഉത്കണ്ഠയെ നിയന്ത്രിക്കുന്ന മേഖലകളിലെ പ്രവർത്തന വ്യതിയാനങ്ങൾ എന്നിവയെല്ലാം കാരണമാകുന്നു. ഇവിടെ വിഷാദരോഗം, മറ്റ് ഉത്കണ്ഠാരോഗങ്ങൾ, ലഹരി വസ്തുക്കളുടെ ദുരുപയോഗം എന്നിവ ജനറലൈസ്ഡ് ആങ്ങ്സൈറ്റി ഡിസോർഡറിൽ സഹരോഗാവസ്ഥയായി (Comorbidity) കാണപ്പെടാം.

## ചികിത്സാസമീപനങ്ങൾ

മരുന്നുകളും മനഃശാസ്ത്രചികിത്സയും സംയോജിപ്പിച്ചുകൊണ്ടുള്ള രീതിയാണ് ഫലപ്രദമായി കാണുന്നത്. കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി കൊണ്ട് വ്യക്തികളിലെ തെറ്റായ ചിന്താരീതികളെ (Faulty Cognition) മാറ്റുന്നതിലൂടെ ഉത്കണ്ഠ കുറയ്ക്കാൻ സഹായിക്കുന്നതാണ്. ജീവിതശൈലിയിലുള്ള മാറ്റത്തിലൂടെ (Lifestyle Changes), ദിവസവും വ്യായാമം ചെയ്യുക, ആവശ്യത്തിന് ദിവസവും ഉറങ്ങുക (Good Sleep Hygiene) എന്നിവയിലൂടെ അമിതമായ ഉത്കണ്ഠയെ നിയന്ത്രിക്കാവുന്നതാണ്. അതുപോലെ ജെയ്ക്കബ്സൻ പ്രോഗ്രസീവ് റിലാക്സേഷൻ ടെക്നിക്സ് (PMR), കൗൺസിലിംഗ്, ബിഹേവിയർ മോഡിഫിക്കേഷൻ ടെക്നിക്സ് (Behaviour Modification Techniques) എന്നിങ്ങനെയുള്ള ഫലപ്രദമായ മനഃശാസ്ത്ര ചികിത്സാരീതികളും ഇവിടെ നിർദ്ദേശിക്കുന്നു. ജനറലൈസ്ഡ് ആങ്ങ്സൈറ്റി ഡിസോർഡറിൽ സൈക്കോതെറാപ്പിയുടെ മൂന്നാം നിലയിൽപെടുന്ന മൈൻഡ്ഫുൾ നൈസ് ബേസ്ഡ് സ്ട്രെസ് റിഡക്ഷൻ (MBSR), ആക്സെപ്റ്റെൻസ് ആന്റ് കമ്മിറ്റ്മെന്റ് തെറാപ്പി (ACT), ഡയലിക്റ്റിക്കൽ ബിഹേവിയർ തെറാപ്പി (DBT) എന്നിവയും പ്രയോജനപ്പെടുത്താവുന്നതാണ്. സപോർട്ടീവ് സൈക്കോ തെറാപ്പിയിലൂടെ വൈകാരികപിന്തുണ നൽകി പ്രശ്നത്തിന്റെ തീവ്രത ലഘൂകരിക്കാം.

പ്രശ്നത്തിന്റെ തീവ്രതയനുസരിച്ച് മനോരോഗവിദഗ്ധർ നിർദ്ദേശിക്കുന്ന മരുന്നുകളും വളരെ പ്രാധാന്യമർഹിക്കുന്നു. ചില വ്യക്തികളിൽ ഇത്തരം അവസ്ഥ വിഷാദരോഗത്തിലേക്കും നയിക്കാറുള്ളതിനാൽ എത്രയും പെട്ടെന്ന്' മാനസികാരോഗ്യ വിദഗ്ധനെ സമീപിച്ച് ശാസ്ത്രീയമായ രോഗനിർണയവും ചികിത്സയും തേടേണ്ടതാണ്. ■

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

# ഭാരതസഭയെക്കുറിച്ച് അലക്സാണ്ടറിയായിലെ ഒരിജൻ

**എവുസേബിയസ് ഒരിജനെ അതുപോലെതന്നെ ഉദ്ധരിക്കുന്നത് ഒരിജന്റെ മാഹാത്മ്യം കാണിക്കാനാണ്. എവുസേബ്യൂസിന് ഒരിജന്റെ കൃതികൾ പഠിക്കാനും വിവർത്തനം ചെയ്യാനും അവസരം കിട്ടിയത് എവുസേബിയൂസ് ചെസരിയായിലെ മെത്രാൻ ആയിരുന്നപ്പോഴാണ്. ഒരിജന്റെ ശിഷ്യനായിരുന്ന പംഫിലിയസിന്റെ പുസ്തക ശേഖരത്തിൽ നിന്നാണ് എവുസേബിയൂസിന് ഇവ ലഭിച്ചത്.**

**റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ**

ഗ്രീക്ക്, ലത്തീൻ സഭാപിതാക്കന്മാർ 'തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചു' എന്ന് എഴുതുമ്പോൾ, അപ്പസ്തോലന്മാർ തങ്ങൾ സുവിശേഷം പ്രസംഗിക്കാൻ പോകേണ്ട രാജ്യങ്ങൾ ഏതെന്ന് നറുക്കിട്ട് തീരുമാനിച്ചപ്പോൾ തോമസിന് ലഭിച്ചത് പാർത്തിയ ആണ്' എന്ന് ഒരിജൻ എഴുതുന്നു. ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്ന ഒരിജന്റെ കൃതി ഇന്ന് ലഭ്യമല്ലെങ്കിലും ഇക്കാര്യം ചരിത്രകാരനായ എവുസേബിയൂസ് തന്റെ കൃതിയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിജൻ തന്റെ 'ഉല്പത്തിയെക്കുറിച്ചുള്ള വ്യാഖ്യാനം' (Commentary on Genesis) എന്ന ഗ്രന്ഥത്തിൽ ആണ് അപ്പസ്തോലനായ തോമസിനെ പാർത്തിയയുമായി ബന്ധപ്പെടുത്തുന്നത്. ഈ ഗ്രന്ഥത്തിന്റെ ഗ്രീക്ക് മൂലത്തിന്റെ ചില ഭാഗങ്ങളും ലത്തീൻ വിവർത്തനവും ലഭ്യമാണ്. അവിടെ നാം ഇപ്രകാരം വായിക്കുന്നു: നമ്മുടെ രക്ഷകന്റെ അപ്പസ്തോലന്മാരും ശിഷ്യന്മാരും ശിഷ്യന്മാരും സുവിശേഷപ്രഘോഷണത്തിനായി ലോകമെമ്പാടും പോയി. പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നത് പോലെ തോമസിന് പാർത്തിയായും ആൻഡ്രൂവിന് ഷിസിയായും (ഗ്രീസും) യോഹന്നാന് ഏഷ്യയും ലഭിച്ചു. പോന്തസ്, ഗലാത്യ, ബിഥീനിയ, കപ്പദോഷിയ എന്നിവിടങ്ങളിലെ യഹൂദരോട് പ്രസംഗിച്ച് അവസാനം റോമിലെത്തി. അവിടെ വച്ച് രക്തസാക്ഷിത്വം വരിച്ചു. പൗലോസ് ആകട്ടെ, ജെറുസലം മുതൽ ഇല്ലിറിയ വരെ സുവിശേഷം പ്രസംഗിച്ചതിനു ശേഷം റോമിൽ എത്തി നീറോയുടെ കാലത്ത് രക്തസാ



ക്ഷിത്വം വരിച്ചു.' ഇക്കാര്യങ്ങൾ വളരെ വ്യക്തമായും കൃത്യമായും ഒരിജൻ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് പറയുന്നതായി എവുസേബിയൂസ് രേഖപ്പെടുത്തുന്നു.

സഭാചരിത്രകാരനായ എവുസേബ്യൂസിന്റെ 'സഭാചരിത്ര'ത്തിൽ (Ecclesiastical History) നിന്നാണ് നമുക്ക് ഇക്കാര്യം കൃത്യമായി ലഭിക്കുന്നത്. എവുസേബിയസ് ഒരിജനെ അതുപോലെതന്നെ ഉദ്ധരിക്കുന്നത് ഒരിജന്റെ മാഹാത്മ്യം കാണിക്കാനാണ്. എവുസേബ്യൂസിന് ഒരിജന്റെ കൃതികൾ പഠിക്കാനും വിവർത്തനം ചെയ്യാനും അവസരം കിട്ടിയത് എവുസേബിയൂസ് ചെസരിയായിലെ മെത്രാൻ ആയിരുന്നപ്പോഴാണ്. ഒരിജന്റെ ശിഷ്യനായിരുന്ന പംഫിലിയസിന്റെ പുസ്തക ശേഖരത്തിൽ നിന്നാണ് എവുസേബിയൂസിന് ഇവ ലഭിച്ചത്. തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ കുറിച്ചുള്ള ആദ്യരേഖ എന്ന നിലയിൽ ഒരിജന്റെ ഈ കൃതിക്ക് വലിയപ്രാധാന്യമുണ്ട്. 'ഉൽപ്പത്തിക്കുള്ള വ്യാഖ്യാനം' 224-ൽ ആണ് എഴുതപ്പെട്ടത്. എങ്കിൽ 233-ൽ ഒരിജൻ അലക്സാണ്ടറിയിൽ നിന്ന് ചെസറിയായിലേക്ക് പോകുന്നതിനു മുൻപാണ് ഇത് എഴുതിയത്. തോമസ് അപ്പസ്തോലനെയും മറ്റ് അപ്പസ്തോലന്മാരെയും കുറിച്ച് ഒരിജൻ നൽകുന്ന വിവരങ്ങൾ, അങ്ങനെയെങ്കിൽ അലക്സാണ്ടറിയൻ പാരമ്പര്യ (paradosis)മാണ്

ഒരിജന്റെ കൃതിയിൽ നിന്നും അപ്പസ്തോലന്മാരെല്ലാവരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷം അറിയിച്ചു എന്ന് വ്യക്തമാണ്. തോമസ്, അന്ദ്രയോസ്, യോഹന്നാൻ, പത്രോസ്, പൗലോസ് എന്നിവരുടെ പ്രവർത്തനരംഗങ്ങളെ കുറിച്ചാണ് ഒരിജൻ എഴുതുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തോമസിന് ലഭിക്കുന്നത് പാർത്തിയ ആണ്. ഒരിജന്റെ പാർത്തിയയെ 'തോമായുടെ നടപടികളിലെ' ഇന്ത്യ ആയാണ് മനസിലാക്കേണ്ടത്. തോമായുടെ നടപടികളിൽ തോമായുടെ പ്രവർത്തനങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും രാജ്യമായി പരാമർശിക്കപ്പെടുന്നത് ഇന്ത്യയാണ്. അപ്പസ്തോലന്മാരുടെ കാലത്ത് പാർത്തിയ രാജ്യം പടിഞ്ഞാറ് ടൈഗ്രീസ് മുതൽ കിഴക്ക് സിന്ധു നദി വരെയും വടക്ക് കാസ്പിയൻ കടൽ മുതൽ തെക്ക് പേർഷ്യൻ ഗൾഫ് വരെ വ്യാപിച്ചു കിടന്നിരുന്നു. എന്നാൽ ഗുണ്ടഫറസിന്റെ ഇൻഡോ പാർത്തിയ രാജ്യം മൗര്യ സാമ്രാജ്യത്തിന്റെ വടക്കു പടിഞ്ഞാറ് പ്രദേശമാണ്. സഭാപിതാക്കന്മാരുടെ കൃതികളിൽ തോമസിനെ പറ്റി പറയുമ്പോൾ ഇന്ത്യയും പാർത്തിയയും മാറിമാറി ഉപയോഗിക്കുന്നത് കാണാം. എങ്കിൽ, ഒരിജന്റെ പാർത്തിയയും സഭാപിതാക്കന്മാരുടെ ഇന്ത്യയും ഒന്നുതന്നെയാണ്. തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിന് ഒരിജന്റെ കൃതി ആദ്യ രേഖയായി എങ്കിൽ പരിഗണിക്കാം. അപ്പസ്തോലന്മാരുടെ വിവിധ രാജ്യങ്ങളിലെ സുവിശേഷപ്രഘോഷണത്തെപ്പറ്റി ഒരിജൻ എഴുതുമ്പോൾ തോമസിനെ ആദ്യം പരാമർശിക്കുന്നത് തോമസിന് പ്രഥമസ്ഥാനം നൽകാനല്ല, മറിച്ച് അദ്ദേഹം കൂടുതൽ ജനതകളെ സുവിശേഷം അറിയിച്ചു എന്ന വസ്തുത കാണിക്കാനാണ്. ■

# വിശ്വാസത്തിൽ വേരൂന്നിയ പ്രേഷിതദൗത്യം

**ഇന്ത്യയിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന പ്രദേശത്ത് പ്രത്യാശയുടെയും പരിവർത്തനത്തിന്റെയും ദീപം തെളിക്കുകയാണ് ഉത്കേല മിഷൻ.**

**റവ. ഫാ. മാത്യു പ്ലാതോട്ടത്തിൽ**



'മിഷനറിയല്ലെങ്കിൽ സഭ മരിച്ചിരിക്കും' എന്ന മാർ റാഫേൽ തട്ടിൽ പിതാവിന്റെ ശക്തമായ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ ഫാ. ജോസഫ് കൂനാനിക്കലിനെയും ഫാ. മാത്യു പ്ലാത്തോട്ടത്തിലിനെയും ഒഡീഷയിലേക്ക് ആദ്യ മിഷനറിമാരായി നിയോഗിച്ചതോടെയാണ് ഉത്കേല മിഷൻ എന്നറിയപ്പെടുന്ന സെന്റ് മൈക്കിൾസ് മിഷന് ആരംഭംകുറിച്ചത്. 2022-ൽ കോതമംഗലം രൂപത ഷംഷാബാദ് രൂപതയുമായി സഹകരിച്ചാണ് ഈ മിഷൻ സ്ഥാപിച്ചത്. കലഹണ്ടി, നുവാപാഡ ജില്ലകളിലെ ഭാഷാ പരിശീലനത്തിനും പ്രാരംഭനടപടികൾക്കും ശേഷം മിഷൻ ഔപചാരികമായി ഭവാനി പട്ടണയിൽ ഉദ്ഘാടനം ചെയ്തു. ഭാഷാപരവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ വെല്ലുവിളികൾ ഉണ്ടായിരുന്നിട്ടും മിഷനറിമാർ സ്ഥിരോത്സാഹത്തിലൂടെയും ആഴമായ വിശ്വാസത്തിലൂടെയും ശക്തമായ അടിത്തറ പാകി. ഇന്ന് അഞ്ച് ഗ്രാമങ്ങളിൽ പതിവ് പ്രാർഥനാ സമ്മേളനങ്ങൾ നടക്കുന്നു. 52 കുടുംബങ്ങളിൽ നിന്നുള്ള 200 വിശ്വാസികളെ ഒരു സ്ഥലത്ത് വിശുദ്ധ കുർബാനയ്ക്കായി ഒരുമിച്ചുകൂട്ടുന്നു. സ്ഥിരമായ പ്രാർഥന, പ്രസംഗം, പെരുന്നാൾ ആഘോഷം എന്നിവയിലൂടെ സെന്റ് തോമസ് ക്രിസ്ത്യൻ പാരമ്പര്യം ജനങ്ങളുടെ ഹൃദയങ്ങളിൽ വേരൂന്നാൻ തുടങ്ങി. സെമിനാരി വിദ്യാർഥികൾക്കായി ഒരു വർഷത്തെ മിഷനറി രൂപീകരണ പരിപാടി ആരംഭിച്ചത് മിഷന്റെ വളർച്ചയിലെ ഒരു പ്രധാന നാഴികക്കല്ലാണ്. ഇത് പ്രതിബദ്ധതയുള്ള മിഷനറിമാരെ രൂപപ്പെടുത്തുന്നതിലും ഊർജ്ജസ്വലമായ സമൂഹങ്ങൾ സൃഷ്ടിക്കുന്നതിലും വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞു. 2025-ൽ മിഷന്റെ കേന്ദ്രഭവനമായ ജീവഭവനത്തിന്റെ കൂദാശകർമ്മം വളർച്ചയുടെയും സ്ഥിരതയുടെയും ഒരു പുതിയ യുഗത്തെ അടയാളപ്പെടുത്തി.

ഉത്കേല മിഷൻ, വിദ്യാഭ്യാസം, ജീവകാരുണ്യപ്രവർത്തനങ്ങൾ, സാമൂഹിക വികസനം എന്നിവയ്ക്ക് തുടക്കം മുതൽ മുൻഗണന നൽകി. ജീവജ്യോതി ട്രസ്റ്റ് ഉത്കേലയുടെ ഔപചാരിക രജിസ്ട്രേഷൻ സാമൂഹിക സേവനങ്ങളിൽ കൂടുതൽ വ്യാപകമാക്കാൻ കാരണമായി. പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പിന്തുണയ്ക്കുന്നതിനായി വിദൂര ഗ്രാമങ്ങളിൽ 25ലധികം ട്യൂഷൻ സെന്ററുകൾ സ്ഥാപിച്ചു. സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ, വിദ്യാഭ്യാസ സഹായം എന്നിവ നിരവധി കുടുംബങ്ങൾക്ക് സഹായമേകുന്നു. വൈദ്യസഹായം, വസ്ത്രവിതരണം, കിണറുകൾ, കുഴൽക്കിണറുകൾ പോലുള്ള ശുദ്ധജല സ്രോതസുകൾ, ഭവനനിർമ്മാണം എന്നിവ മിഷൻ നടത്തുന്ന മറ്റു പ്രവർത്തനങ്ങളിൽ പെടുന്നു.

പടിഞ്ഞാറൻ ഒഡീഷയിൽ ആത്മീയവും സാമൂഹികവുമായ പ്രവർത്തനങ്ങൾ നടത്തുന്ന ഊർജ്ജസ്വലമായ ഒരു കേന്ദ്രമായി ഉത്കേല മിഷനെ മാറ്റാൻ ഞങ്ങൾ പരിശ്രമിക്കുന്നു ഗ്രാമ പള്ളികൾ നിർമ്മിക്കുക, സ്ത്രീ ശാക്തീകരണ സംരംഭങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസപരവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്നിവ ഭാവി ആസൂത്രണത്തിൽ ഉൾപ്പെടുന്നു. അടുത്തകാലത്തായുള്ള എം.എസ്.ജെ സിസ്റ്റേഴ്സിന്റെ വരവും പ്രതിബദ്ധതയും പുതിയ അവസരങ്ങൾ പ്രത്യേകിച്ച് മെഡിക്കൽ മേഖലയിൽ തുറക്കുന്നു. വിശ്വാസത്തിൽ വേരൂന്നിയ ഈ ദൗത്യം ഇന്ത്യയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലൊന്നിൽ പ്രത്യാശയുടെയും പരിവർത്തനത്തിന്റെയും ഒരു ദീപസ്തംഭമാകാൻ ആഗ്രഹിക്കുന്നു. ■

# ജലത്താലും ആത്മാവിനാലുമുള്ള ജനനം!

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ടോം ഓലിക്കരോട്ട്

സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള മാനദണ്ഡമായി ഈശോ നിക്കൊദേമൂസിനോട് പറയുന്നത് 'ഗിന്നോത്തെനായി അനോത്തെൻ' ഉന്നതത്തിൽനിന്നും ജനിക്കണം എന്നാണ്. ഗുരുമൊഴിയുടെ അർത്ഥാന്തരങ്ങൾ മനസിലാകാതെ വരുന്ന നോക്കൊദേമൂസിനോട് വീണ്ടും ജനനത്തിന്റെ രീതിയെ വ്യക്തമാക്കിക്കൊണ്ടാണ് മിശിഹാ പറയുന്നത് 'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലങ്കിൽ ഒരുവനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ സാധ്യമല്ല്'. ഇവിടെ മിശിഹാ കാണിക്കുന്ന പുതുജനനത്തിന്റെ മാധ്യമമായി ജലവും ആത്മാവും എന്താണ് അർഥമാക്കുന്നത്?



ആത്മസ്നാനത്തിനായി ജനത്തെ ഒരുക്കിയത് സാക്ഷാൽ സ്നാപകയോഹന്നാനാണ്. യോഹന്നാൻ നൽകിയിരുന്ന സ്നാനത്തെ 'അനുതാപത്തിന്റെ സ്നാനം' എന്നായിരുന്നല്ലോ സുവിശേഷകന്മാർ വിശേഷിപ്പിച്ചത്. ഈ പശ്ചാത്തലത്തിൽ ജലത്താൽ ജനിക്കുക എന്നതിനെ അനുതാപത്തിന്റെ സ്നാനമെന്നും, ആത്മാവിൽ ജനിക്കുക എന്നതിനെ നസ്രത്തിലെ ഈശോയിൽ വിശ്വസിക്കുക എന്നും മനസിലാക്കാം.

ജലത്താലും ആത്മാവിനാലും എന്ന സംജ്ഞയെ മൂന്ന് രീതിയിൽ ബൈബിൾ വക്താക്കൾ മനസിലാക്കാറുണ്ട്. ഒന്നാമതായി ജലത്താൽ ജനിക്കുക എന്നത് മാമ്മോദീസായുടെ പ്രതീകമാണ്. ജന്മപാപത്തിന്റെയും കർമ്മപാപമുണ്ടെങ്കിൽ അതിന്റെയും കറകളിൽനിന്നും ആത്മാവിനെ ശുദ്ധീകരിക്കുന്ന മാമോദീസ ജലത്താലുള്ള ആദ്യത്തെ ജനനം കഴിയുമ്പോൾ സംഭവിക്കുന്ന രണ്ടാമത്തെ പ്രവൃത്തിയാണ് ആത്മാവിലുള്ള ജനനം. മാമോദീസ ആത്മാവിനെ സ്വീകരിക്കാനുള്ള അനിവാര്യതയും ആദ്യപടിയുമായുള്ള ആദിമസഭയുടെ കാഴ്ചപ്പാടും ഇതിനോട് ചേർന്നുപോകുന്നതാണ്.

ജലത്താലും ആത്മാവിനാലും എന്ന സംജ്ഞയ്ക്കു വി. ഒറിജൻ നൽകിയ പ്രതീകാത്മകമായ വ്യാഖ്യാനവും ശ്രദ്ധേയമാണ്. ഇതനുസരിച്ചു ദൈവാത്മാവിന്റെ തന്നെ നിർമ്മലീകരിക്കുകയും അഭിഷേചിക്കുകയും ചെയ്യുന്ന പ്രവർത്തനത്തെയാണ് 'ജലത്താലും ആത്മാവിനാലും' എന്ന ഈശോയുടെ വാക്കുകൾ അർഥമാക്കുന്നത്. ഈ ഒരു വ്യാഖ്യാനം പഴയനിയമ ചിന്തയോട് വളരെ അധികം ചേർന്നുപോകുന്നതാണ് താനും. പഴയനിയമത്തിൽ നിരവധി ഭാഗങ്ങളിൽ ജലവും ആത്മാവും ദൈവത്തിന്റെ വിമലീകരിക്കുകയും ജീവൻ നൽകുകയും ചെയ്യുന്ന പ്രവൃത്തിയുടെ പ്രതീകമായി ഉപയോഗിച്ചിട്ടുണ്ട് (ഏശയ്യാ 55: 23; ജെറെമിയ 2:13; സഖറിയാ 14:8).

'ജലത്താലും ആത്മാവിനാലും' എന്ന പരാമർശത്തിന് ഈശോയുടെയും നിക്കോദേമുസിന്റെയും ചരിത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള മൂന്നാമതൊരു വ്യാഖ്യാനംകൂടെ സാധ്യമാണ്. ഇവരുടെ സമകാലികനായി ജലത്താലുള്ള സ്നാനം നൽകികൊണ്ട് ആത്മസ്നാനത്തിനായി ജനത്തെ ഒരുക്കിയത് സാക്ഷാൽ സ്നാപകയോഹന്നാനാണ്. യോഹന്നാൻ നൽകിയിരുന്ന സ്നാനത്തെ 'അനുതാപത്തിന്റെ സ്നാനം' എന്നായിരുന്നല്ലോ സുവിശേഷകന്മാർ വിശേഷിപ്പിച്ചത്. ഈ പശ്ചാത്തലത്തിൽ ജലത്താൽ ജനിക്കുക എന്നതിനെ അനുതാപത്തിന്റെ സ്നാനമെന്നും, ആത്മാവിൽ ജനിക്കുക എന്നതിനെ നസ്രത്തിലെ ഈശോയിൽ വിശ്വസിക്കുക എന്നും മനസിലാക്കാം. ചുരുക്കത്തിൽ ജലത്താലും ആത്മാവിനാലും ജനിക്കുക എന്നതിനെ ആദിമസഭയുടെ പ്രഘോഷണത്തിന്റെ ആത്മാംശമായ 'അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുക' എന്നതു തന്നെയാണ് അർഥമാക്കുന്നത്.

വി. യോഹന്നാന്റെ സുവിശേഷമനുസരിച്ചു ജലം ദൈവിക വെളിപാടിനു സഹായിക്കുന്ന ശക്തമായ ഒരു സങ്കേതമാണ്. ജലത്തെ പ്രതീകാത്മകമായ അർഥത്തിൽ യോഹന്നാൻ നിരവധി തവണ ഉപയോഗിക്കുന്നുമുണ്ട്. ഒന്നാമതായി, കാനായിലെ കല്യാണ വിരുന്നിൽ ഈശോയുടെ മഹത്വം വെളിപ്പെടുന്നതിനു ആറു കൽഭരണികളിലെ ജലം ഉപകരണമാകുന്നുണ്ട്. അതുപോലെ തന്നെ സമരിയക്കാരിയുമായുള്ള സംഭാഷണത്തിലും പശ്ചാത്തലം യാക്കോബിന്റെ കിണറും അതിലെ ജലവുമായിരുന്നു. വീണ്ടും ജലത്തെ പരിശുദ്ധ റൂഹായുടെ പ്രതീകമായി ഉപയോഗിച്ചുകൊണ്ടുള്ള 'ജീവജലത്തിന്റെ അരുവി' എന്ന പരാമർശവും ശ്രദ്ധേയമാണ് (യോഹ 7:39-41). അവസാനമായി മിശിഹായുടെ ആത്മബലിയിലൂടെ സംജാതമായ രക്ഷയുടെ അടയാളമായി വത്സലശിഷ്യൻ സാക്ഷ്യപ്പെടുത്തിയത് അവിടുത്തെ വിലാപ്പുറത്ത് നിന്നു ഒഴുകിയിറങ്ങിയ രക്തവും ജലവുമായിരുന്നല്ലോ.

പ്രതീകാത്മകതയുടെ ഈ ഒരു സമൃദ്ധിയിൽനിന്നും ചിന്തിക്കുമ്പോൾ, ജലത്താലും ആത്മാവിനാലും ജനിക്കണം എന്ന വാക്കുകളിൽ ജലത്തിന് എന്ത് അർഥമായിരിക്കും വിവക്ഷിക്കുന്നത്? നിശ്ചയമായും മറ്റിടങ്ങളിൽ യോഹന്നാൻ ഉപയോഗിച്ചിട്ടുള്ള ആത്മാവ് എന്ന അർഥം ഇവിടെ ജലത്തിന് കല്പിക്കുക സാധ്യമല്ല. കാരണം ഏത് ആത്മാവിനാൽ ജനിക്കണം എന്ന് പറയുന്നതിൽ യുക്തിഭദ്രതയും ഭാഷാശുദ്ധിയുമില്ലല്ലോ. അതിനാൽ ഇവിടെ ഉപയോഗിക്കുന്ന ജലത്തെ വചനം എന്ന അർഥത്തിൽ മനസിലാക്കേണ്ടതുണ്ട്. സമരിയക്കാരിയുമായുള്ള സംഭാഷണത്തിൽ ഈശോ ഇതേ അർഥത്തിലാണ് ജലത്തെ ഉപയോഗിക്കുന്നത്. അപ്പോൾ ജലത്താലും ആത്മാവിനാലും ജനിക്കണം എന്ന വാക്കുകളെ ദൈവവചനത്താലും ദൈവാത്മാവിനാലും ഉള്ള പുതുജന്മം എന്ന അർഥത്തിലാണ് ശരിയായി മനസിലാക്കേണ്ടത്. ആത്മാവിലുള്ള അ ജീവിതം ആരംഭിക്കുന്നതിനു മുൻപ് പുതു സൃഷ്ടിയാകാൻ സഹായിക്കുന്ന ജീവന്റെ കേദാരമാണ് വചനമെന്നു സാരം.

'നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നതു നശ്വരമായ ബീജത്താലല്ല, മറിച്ചു, അനശ്വരവും, സനാതനവുമായ ബീജത്താൽ ദൈവവചനത്താലത്രേ (1 പത്രോസ് 1 :23). ■

# സ്വയധികാരസഭയും റീത്തും

CANON LAW

റവ. ഡോ. ജോസഫ് മറ്റത്തിൽ

**പൗരസ്ത്യ കാനൻനിയമത്തിൽ പരാമർശിക്കുന്ന സ്വയധികാരസഭയും റീത്തും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാമോ?**

പൗരസ്ത്യ കാനൻനിയമസംഹിതയിൽ ശീർഷകം രണ്ടിൽ 27 മുതൽ 41 വരെയുള്ള കാനോനകളിലാണ് സ്വയധികാരസഭകളെക്കുറിച്ചും (Sui iuris Churches) റീത്തുകളെക്കുറിച്ചും (Rite) പരാമർശിക്കുന്നത്. ഈ രണ്ടു പേരുകൾ തമ്മിലുള്ള വ്യത്യാസം പലപ്പോഴും ശരിയായി മനസിലാക്കാതെ ഉപയോഗിക്കുന്നവരുണ്ട്. കത്തോലിക്കാ സഭയിൽ നിലവിൽ ലത്തീൻ സഭയുൾപ്പെടെ 24 വ്യക്തിസഭകളുണ്ട്. ഇതിൽ ലത്തീൻ സഭ പാശ്ചാത്യസഭയെന്നും മറ്റു 23 സഭകൾ പൗരസ്ത്യസഭകളെന്നുമാണ് അറിയപ്പെടുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പല പേരുകളിലാണ് പൗരസ്ത്യസഭകളെ വിശേഷിപ്പിച്ചിരുന്നത്. പ്രത്യേകസഭകൾ (Particular Churches) എന്നാണ് പൗരസ്ത്യ സഭകൾക്കായുള്ള ഡിക്രിയിൽ (OE 4) ഉപയോഗിച്ചത്. എന്നാൽ ഈ പേരുതന്നെ രൂപതകളെ സൂചിപ്പിക്കാൻ മറ്റു പ്രമാണ രേഖകളിലും കൗൺസിൽ ഉപയോഗിച്ചു (LG 13, 23, CD 11). കൂടാതെ പ്രാദേശിക സഭകൾ (Local Churches) എന്നും (UR 14, LG 23) റീത്തുകൾ എന്നിങ്ങനെ വിവിധ പേരുകളിൽ പൗരസ്ത്യസഭകൾ വിളിക്കപ്പെട്ടപ്പോൾ ഉടലെടുത്ത കൃത്യതയില്ലായ്മ പരിഹരിക്കപ്പെടേണ്ടത് ആവശ്യമായിരുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമം പരിഷ്കരിച്ചപ്പോൾ പരിഷ്കരണ കമ്മീഷനു നല്കപ്പെട്ട പ്രധാന നിർദേശമായിരുന്നു പുതിയ പൗരസ്ത്യ കാനൻനിയമസംഹിതയിൽ ഇപ്രകാരം ആശയകുഴപ്പങ്ങൾ സൃഷ്ടിക്കുന്ന വാക്കുകൾക്കു കൃത്യമായ നിർവചനം നല്കണം എന്നുള്ളത്. ഇതുപ്രകാരം പൗരസ്ത്യകാനൻനിയമത്തിന്റെ പരിഷ്കരണ കമ്മീഷൻ റീത്തും പ്രത്യേകസഭയും എന്നതിലുള്ള വ്യത്യാസം നിർവചിക്കുകയും ചെയ്തു. എന്നാൽ രൂപതയെ സൂചിപ്പിക്കുന്ന "പ്രത്യേക സഭ" എന്ന പേരുതന്നെ വേണമെന്ന ലത്തീൻ നിയമസംഹിത പരിഷ്കരണ കമ്മീഷൻ നിലപാടെടുക്കുകയും പൗരസ്ത്യസഭകളെ സൂചിപ്പിക്കാൻ മറ്റൊരുപദം ഉപയോഗിക്കേണ്ട സാഹചര്യംവരുകയും പിന്നീടുനടന്ന ചർച്ചകൾക്കുശേഷം "സ്വയധികാര റീത്തു സഭ" എന്ന പേര് സ്വീകരിക്കുകയും ചെയ്തു. എന്നാൽ പിന്നീടു നടന്ന ചർച്ചകൾക്കുശേഷം "റീത്ത്" എന്ന പേര് മാറ്റി പൗരസ്ത്യസഭകളെ സൂചിപ്പിക്കാൻ "സ്വയധികാരസഭ" (Ecclesia sui iuris) എന്ന് പേര് ഉറപ്പിക്കുകയും "റീത്ത്" എന്താണെന്ന് പ്രത്യേകം നിർവചിക്കുകയും ചെയ്തു. ഇതുപ്രകാരം CCEO c. 27 "സ്വയധികാരസഭ" എന്തെന്നും, C 28 ൽ "റീത്ത്" എന്താണെന്നുമുള്ള നിർവചനം നല്കുകയും ചെയ്തു. "Sui iuris എന്ന പദത്തിന്റെ അർഥം "of its own right" എന്നാണ്. എന്നുവച്ചാൽ പൗരസ്ത്യസഭകൾ ഭരണത്തെയും അച്ചടക്കത്തെയും സംബന്ധിച്ച് അംഗീകാരമുള്ള സ്വയംഭരണാധികാരമുള്ള സഭകൾ ആണെന്നാണ് അർഥമാക്കുന്നത്.

സ്വയധികാരസഭയെ (Sui iuris Church) ക്കുറിച്ചു C 27-ൽ നല്കിയിരിക്കുന്ന നിർവചനം ഇപ്രകാരമാണ്. "നിയമാനുസൃതം ഒരു ഹയരാർക്കിയാൽ ഒന്നിച്ചുചേർക്കപ്പെട്ടതും സ്വയധികാരമുള്ളതെന്നു പ്രത്യക്ഷമായോ പരോക്ഷമായോ സഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടതുമായ ക്രൈസ്തവ വിശ്വാസികളുടെ ഒരു സമൂഹത്തെ ഈ നിയമസംഹിതയിൽ സ്വയധികാരസഭ (Sui iuris Chuch) എന്ന് വിളിക്കുന്നു. ഈ നിർവചനപ്രകാരം പൗരസ്ത്യ സഭകളെ സ്വയധികാരസഭയെന്ന് വിളിക്കണമെങ്കിൽ മൂന്നു ഘടകങ്ങൾ ഉണ്ടായിരിക്കണം. 1. അത് ക്രിസ്തീയ വിശ്വാസികളുടെ സമൂഹമായിരിക്കണം. 2. അത് നിയമാനുസൃതം ഒരു ഹയരാർക്കിയാൽ ഒന്നിപ്പിക്കപ്പെട്ടതായിരിക്കണം. 3. സ്വയധികാര കത്തോലിക്കസഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടിരിക്കണം. ഈ നിർവചനപ്രകാരം കത്തോലിക്കാസഭയിൽ ലത്തീൻ സഭയുൾപ്പെടെ 24 സ്വയധികാരസഭകളാണുള്ളത്. ഇവയെല്ലാം നിയമാനുസൃതം സഭയുടെ ഹയരാർക്കിയുടെ അംഗീകാരത്തോടെ സ്ഥാപിക്കപ്പെട്ടതിനാൽ "സ്വയധികാരസഭ"യെന്നു വിളിക്കപ്പെടുന്നു.

ഈ സഭകളെയെല്ലാം തമ്മിൽ വ്യത്യസ്തമാക്കുന്ന പദമാണ് "റീത്ത്" (Rite) എന്ന പദം. CCEO c . 28 §1 "റീത്ത്" എന്താണെന്ന് വിശദമാക്കുന്നു. "ഒരു റീത്ത് എന്നത് ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം, ഇവയിലൂടെ രൂപീകൃതമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയധികാരസഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചുകൊണ്ട് വെളിവാക്കുന്നതുമായ പൈതൃകമാണ്. "റീത്ത്" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഓരോ വ്യക്തിസഭകളുടെയും പൈതൃകത്തെയാണ്. ഓരോ സ്വയധികാരസഭയും വിശ്വാസം ജീവിക്കുന്നതിന്റെ തനതായ രീതിയിൽ പ്രകടമാക്കുന്ന ആരാധനക്രമപരവും ദൈവശാസ്ത്രപരവുമായ പൈതൃകമാണ് "റീത്ത്". അതു ഓരോ ജനതകളുടെയും ചരിത്രപരമായ സാഹചര്യങ്ങൾകൊണ്ടും സംസ്കാരം കൊണ്ടും വ്യത്യസ്തവുമാണ്. ചുരുക്കിപറഞ്ഞാൽ ഓരോ വ്യക്തിസഭയും തങ്ങൾക്കു ലഭിച്ച വിശ്വാസം തങ്ങളുടേതായ സാഹചര്യങ്ങളിൽ ജീവിക്കുന്നതിന്റെ തനതു പ്രകാശനമാണ് "റീത്ത്" എന്നുപറയുന്നത്. റീത്തുകൾ തമ്മിൽ വേർതിരിക്കുന്ന ഘടകങ്ങൾ സംസ്കാരത്തിലുള്ള വ്യത്യാസങ്ങളും അതാതു ജനതയുടെ ചരിത്രപരവുമായ പ്രത്യേകതകളാണ്. "റീത്ത്" എന്നത് സ്വയം നിൽക്കുന്ന ഒന്നല്ല. മറിച്ച് അതു ഓരോ സ്വയധികാരസഭയുടേതുമാണ്. ഒരു സഭയെ സൂചിപ്പിക്കാൻ "റീത്ത്" എന്ന പദം ഉപയോഗിക്കുന്നില്ല. ചുരുക്കത്തിൽ റീത്ത് ഒരു സഭയെ മറ്റൊരു സഭയിൽനിന്നു വേർതിരിക്കുന്ന ഘടകമാണ്, പൈതൃകമാണ്. ■

# വിളക്കന്നൂരിലെ ദിവ്യകാരുണ്യ അടയാളം










**സ്വന്തം ലേഖകൻ**

തലശേരി അതിരൂപതയിലെ വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ 2013 നവംബർ 13-ന് സംഭവിച്ച ദിവ്യകാരുണ്യ അടയാളത്തിന് വത്തിക്കാന്റെ അംഗീകാരം ലഭിച്ചു. അന്നേ ദിവസം വികാരിയായിരുന്ന ഫാ.തോമസ് പതിക്കൽ പ്രഭാതത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേയാണ് തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖം തെളിഞ്ഞുവന്ന അസാധാരണമായ സംഭവം ഉണ്ടായത്. വി. കുർബാനയിൽ റൂഹാക്ഷണപ്രാർത്ഥനയുടെ സമയത്ത് തിരുവോസ്തിയുടെ നടുവിൽ ഒരു അടയാളം പ്രത്യക്ഷപ്പെടുകയും വളരെ പെട്ടെന്നുതന്നെ അതിൽ ഈശോയുടെ തിരുമുഖത്തിന്റെ ഛായ തെളിഞ്ഞുവരികയുമായിരുന്നു. തിരുവോസ്തി വികാരിയച്ചൻ അരുളിക്കയിൽ വയ്ക്കുകയും വി. കുർബാന പൂർത്തിയാക്കുകയും ചെയ്തു. വി. കുർബാനക്കുശേഷം ഈ തിരുവോസ്തി വികാരിയച്ചൻ ദിവ്യബലിയിൽ പങ്കെടുത്ത ദൈവജനത്തെ കാണിക്കുകയും അത്ഭുതകരമായ ചിത്രം തെളിഞ്ഞ തിരുവോസ്തി ആരാധനയ്ക്കായി അരുളിക്കയിൽ വയ്ക്കുകയും ചെയ്തു. ആയിരക്കണക്കിനാളുകൾ തിരുവോസ്തി ദർശിക്കാനായി എത്തിയിരുന്നു.

അതിരൂപതാധ്യക്ഷനായിരുന്ന മാർ ജോർജ് വലിയമറ്റം പിതാവിന്റെ നിർദ്ദേശപ്രകാരം 2013 നവംബർ 17-ന് തിരുവോസ്തി തലശേരി ആർച്ചുബിഷപ്പ്സ് ഹൗസിലേക്ക് കൊണ്ടുവരികയും രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു. ഈ പ്രതിഭാസത്തെക്കുറിച്ച് സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെ അറിയിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് അരുമച്ചാടത്ത് എന്നീ പിതാക്കൻമാർ അടങ്ങിയ സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷനെ ഈ പ്രതിഭാസത്തെക്കുറിച്ച് പഠിക്കുവാൻ മേജർ ആർച്ചുബിഷപ്പ് ചുമതലപ്പെടുത്തി. മോൺ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. ജോസ് പാലക്കീൽ എം.എസ്.ടി, റവ. ഡോ. സിബി പുളിക്കൽ, റവ. ഡോ. ജോസഫ് പാംപ്ലാനി, റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോർജ് കുടിലിൽ എന്നീ വിദഗ്ദ്ധർ അടങ്ങിയ ഒരു സമിതിയെ ഈ പ്രതിഭാസം ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സീറോമലബാർ ഡോക്ട്രിനൽ കമ്മീഷൻ ചുമതലപ്പെടുത്തി. വിദഗ്ദ്ധ സമിതി പഠിക്കുകയും 2013 ഡിസംബർ 21-ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തിരുവോസ്തി രഹസ്യമായി ആർച്ചുബിഷപ്പ്സ് ഹൗസിലെ ചാപ്പലിൽ തുടർന്നും സൂക്ഷിച്ചുപോന്നു.

2018-ൽ റോമിലെ വിശ്വാസതിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ച് കൂടുതൽ പഠനത്തിനായി തിരുവോസ്തി ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിവഴി റോമിലേക്ക് കൊണ്ടുപോയി. 2023 ആഗസ്റ്റ് 8-ന് വിശ്വാസതിരുസംഘത്തിന്റെ അധ്യക്ഷനായ കർദിനാൾ ലൂയിസ് ഫ്രാൻസിസ്ക്കോ ലെസാരിയായ്ക്ക് അതിരൂപതാധ്യക്ഷനായ മാർ ജോസഫ് പാംപ്ലാനി പിതാവ് ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ചുള്ള പഠനത്തിന്റെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് കത്തെഴുതി. 2023 സെപ്റ്റംബർ 21-ന് അപ്പസ്തോലിക് നൂൺഷ്യേച്ചർ വഴി വിശ്വാസതിരുസംഘത്തിന്റെ മറുപടി ലഭിച്ചു. തിരുവോസ്തിയിലെ അത്ഭുതകരമായ പ്രതിഭാസത്തെക്കുറിച്ച് കൂടുതൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്താനുള്ള നിർദ്ദേശം റോമിൽ നിന്നുള്ള കത്തിൽ ഉണ്ടായിരുന്നു. 2024 ജനുവരി 15-ന് ഡൽഹിയിലെ വത്തിക്കാൻ സ്ഥാനപതിയിൽനിന്നും തിരുവോസ്തി ഏറ്റുവാങ്ങുകയും തലശേരി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്തു. റോം നിർദ്ദേശിച്ച കൂടുതൽ ശാസ്ത്രീയ പഠനങ്ങൾക്കുള്ള സൗകര്യങ്ങൾ ഇന്ത്യയിൽ ഉണ്ടെന്നുള്ളതിനാലായിരുന്നു തിരുവോസ്തി തിരികെ നല്കിയത്.

ശാസ്ത്രീയ പരിശോധനക്കായി രണ്ട് പരീക്ഷണപഠനങ്ങളാണ് വിശ്വാസതിരുസംഘം നിർദ്ദേശിച്ചിരുന്നത്.

1. Fourier Transform Infrared Spetcroscopy analysis or FTIR analysis.

2. HPLC Ms or High Performance Liquid Chromatography (HPLC) 3. Mass Spectometry. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ഈ പഠനങ്ങൾക്കുള്ള ആധുനിക ഉപകരണങ്ങൾ ഉണ്ടായിരുന്നതിനാൽ വിശ്വാസതിരുസംഘത്തിന്റെ അനുമതിയോടെ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ലാബിലാണ് പഠനങ്ങൾ നടത്തിയത്. വിശ്വാസതിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ച് ശാസ്ത്രീയ പഠനങ്ങളും പരീക്ഷണങ്ങളും നടത്തുവാൻ ശാസ്ത്രജ്ഞൻമാരുടെ ഒരു സമിതിയെ നിയോഗിച്ചു.

2024 ജനുവരി 23-ന് കൂടുതൽ ശാസ്ത്രീയ പഠനത്തിനായി തിരുവോസ്തി ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ എത്തിച്ചു. ഡോ. ജ്യോതിസ് ദേവസ്യാ റിസേർച്ച് വിംഗ് കോമൺ ഇൻസ്ട്രുമെന്റേഷൻ ലാബ്, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ഡോ. ജോബി സേവ്യർ ഹെഡ് & ഡയറക്ടർ ഡിപ്പാർട്ടുമെന്റ് ലൈഫ് സയൻസ് & കെമിസ്ട്രി, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ഡോ. പി. ടി. വർഗ്ഗീസ് ഹെഡ് ഓഫ് ഫോറൻസിക് ഡിപ്പാർട്ടുമെന്റ്, സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ബാംഗ്ലൂർ, എന്നിവർ അടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ സമിതിയും റവ. ഡോ. ജോർജ് കരോട്ട്, റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ എന്നീ ദൈവശാസ്ത്രജ്ഞൻമാർ അടങ്ങിയ സമിതിയും തിരുവോസ്തിയിലെ അത്ഭുതപ്രതിഭാസത്തെക്കുറിച്ചുള്ള പരീക്ഷണങ്ങളും പഠനങ്ങളും നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. തിരുവോസ്തിയിലെ ഛായാചിത്രത്തിൽ പുറമെ നിന്നുള്ള ഏതെങ്കിലും പദാർത്ഥത്തിന്റെ സ്വാധീനം ഉണ്ടോ എന്നു മനസ്സിലാക്കുവാൻ കഴിയുന്ന പരീക്ഷണങ്ങളായിരുന്നു വിശ്വാസതിരുസംഘം നിർദ്ദേശിച്ചിരുന്നത്.

അതീവരഹസ്യ സ്വഭാവത്തോടെ നടത്തിയ പഠനത്തിന്റെ പൂർണ്ണമായ റിപ്പോർട്ട് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി വഴി 2024 ഏപ്രിൽ 2-ന് റോമിന് സമർപ്പിച്ചു. ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ടുകളും ദൈവശാസ്ത്ര വിശകലനങ്ങളും വിലയിരുത്തി ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി വഴി 2025 മാർച്ച് 19-ന് വിളക്കന്നൂരിലെ ദിവ്യകാരുണ്യ പ്രതിഭാസം ഒരു അസാധാരണ സംഭവമായി പ്രഖ്യാപിക്കുന്നതിൽ തടസമില്ലെന്ന് വിശ്വാസതിരുസംഘം അറിയിച്ചു. ദൈവജനത്തെ അറിയിക്കാനുള്ള ഡിക്രി മലയാളത്തിൽ പരിഭാഷപ്പെടുത്തി വിശ്വാസതിരുസംഘത്തിനും സീറോമലബാർ മേജർ ആർച്ചുബിഷപ്പിനും സി. ബി.സി.ഐ. പ്രസിഡന്റിനും നല്കുവാൻ നിർദ്ദേശമുണ്ടായി. ഡിക്രി പരിഭാഷപ്പെടുത്തി റോമിൽ എത്തിച്ചതിനെതുടർന്ന് ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ച് ദൈവജനത്തെ അറിയിക്കുവാനുള്ള അനുമതി വിശ്വാസതിരുസംഘം മാർ ജോസഫ് പാംപ്ലാനി പിതാവിന് നല്കി. തിരുവോസ്തിയിലെ ഛായാചിത്രത്തിന്റെ അതേ പദാർത്ഥമാണ് തിരുവോസ്തിയുടെ മറ്റ് ഭാഗങ്ങളിൽ ഉള്ളതെന്നും ഈ ഛായാചിത്രം തിരുവോസ്തിയിലെ പദാർത്ഥങ്ങളിൽ നിന്നുതന്നെയാണ് രൂപപ്പെട്ടതെന്നുമുള്ള നിഗമനത്തിലാണ് ശാസ്ത്രീയ പഠനങ്ങൾ എത്തിനിൽക്കുന്നത്. തിരുവോസ്തിയിലെ ഛായാചിത്രത്തിൽ പുറമേ നിന്നുള്ള ഒരു പദാർത്ഥത്തിന്റെയും സ്വാധീനം പഠനങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞില്ല.



2025 മെയ് 9-ന് വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലയത്തിലെ ദിവ്യബലിമധ്യേ ഈ വിവരം മാർ ജോസഫ് പാംപ്ലാനി പിതാവ് ദൈവജനത്തെ അറിയിച്ചു. 2025 മെയ് 31-ന് ഉച്ചകഴിഞ്ഞ് 2.30-ന് ഇന്ത്യയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോ പോൾഡോ ജിറെല്ലി ഔദ്യോഗികമായ പ്രഖ്യാപനം വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലയത്തിൽ വച്ച് തലശേരി അതിരൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടേയും സന്യസ്തരുടേയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ നടത്തി.

# മനുഷ്യർക്ക് പൂരിപ്പിക്കാൻ കഴിയാത്ത സമസ്യകൾ

വിനായക് നിർമ്മൽ

കുറെനാളായി അലട്ടിക്കൊണ്ടിരുന്ന വിശ്വാസപരമായ പ്രതിസന്ധി അന്നേദിവസം വിശുദ്ധകുർബാന അർപ്പിക്കുമ്പോഴും ആ പുരോഹിതനിൽ ശക്തമായിരുന്നു. അയോഗ്യനും പാപിയുമായ ഒരു പുരോഹിതൻ ഓസ്തിയും വീഞ്ഞും വാഴ്ത്തുമ്പോൾ അത് യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളായി മാറുമെന്ന് പറയുന്നത് എത്രത്തോളം സത്യമാവും? എത്രത്തോളം പ്രായോഗികമായിരിക്കും? ഉള്ളിലെ എല്ലാ സംശയങ്ങളോടും കൂടിയാണ് അദ്ദേഹം അന്ന് കൂദാശാവചനങ്ങൾ ഏറ്റുചൊല്ലി പ്രാർഥിച്ചത്. 'ഇതെന്റെ ശരീരവും ഇതെന്റെ രക്തവുമാകുന്നു. നിങ്ങളെല്ലാവരും ഇതിൽ നിന്ന്....'

ആ നിമിഷം അതു സംഭവിച്ചു. പുരോഹിതന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. കൈയിലിരുന്ന തിരുവോസ്തി മനുഷ്യശരീരമായും വീഞ്ഞ് തിരുരക്തമായും പരിണമിച്ചിരിക്കുന്നു.

എട്ടാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ലാൻസിയാനോയിലെ സെന്റ് ലോങ്കിനസ് ആശ്രമത്തിലാണ് ഇതു സംഭവിച്ചത്. ബൈസിലീയൻ സന്യാസവൈദികൻ ബലിയർപ്പിച്ചപ്പോൾ സംഭവിച്ച ഈ അത്ഭുതം കത്തോലിക്കാസഭയുടെ ചരിത്രത്തിലെ ആദ്യത്തെ ദിവ്യകാരുണ്യഅടയാളമായിരുന്നു. ഇതിന്റെ തിരുശേഷിപ്പുകൾ ഇന്നും ഇവിടെ സൂക്ഷിക്കപ്പെടുന്നു.

ഇതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു ദിവ്യകാരുണ്യഅടയാളം നടന്നത് പോർച്ചുഗല്ലിലെ സാന്റാറെമ്മിലായിരുന്നു. ദിവ്യകാരുണ്യഅടയാളങ്ങളുടെ ചരിത്രത്തിലെ സുപ്രധാനസംഭവമായിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്. അവിശ്വാസിയും ദുർമാർഗിയുമായ ഭർത്താവിനെ നേരായവഴിയിലൂടെ കൊണ്ടുവരുന്നതിന് ആ സ്ത്രീ സഹായം ചോദിച്ചെത്തിയത് ഒരു മന്ത്രവാദിയുടെ സമീപത്തായിരുന്നു. അവളുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നതിനുള്ള പരിഹാരമാർഗമായി അയാൾ ആവശ്യപ്പെട്ടതാകട്ടെ കൂദാശചെയ്ത തിരുവോസ്തി തനിക്കു കൊണ്ടുവന്നുതരിക എന്നതും. അതനുസരിച്ച് സെന്റ് സ്റ്റീഫൻ ദേവാലയത്തിലെത്തിയ സ്ത്രീ വിശുദ്ധ കുർബാന സ്വീകരണസമയത്ത് നാവിൽ ദിവ്യകാരുണ്യം സ്വീകരിക്കുകയും ഉടൻതന്നെ അതെടുത്ത് കൈയിലിരുന്ന തുണിയിൽ പൊതിഞ്ഞെടുത്ത് പള്ളി വിട്ടുപോകുകയും ചെയ്തു. വീട്ടിലെത്തി തിരുവോസ്തി പൊതിഞ്ഞുകൊണ്ടുവന്ന തുണി നിവർത്തിനോക്കിയ സ്ത്രീ ഞെട്ടിപ്പോയി. തുണി നിറയെ രക്തം! തിരുവോസ്തിയിൽ നിന്ന് രക്തം ഒലിച്ചിറങ്ങുന്നു.! പരിഭ്രാന്തയായ സ്ത്രീ പള്ളിയിൽചെന്ന് സംഭവിച്ചതെല്ലാം വിശദീകരിക്കുകയും കുമ്പസാരിക്കുകയും ചെയ്തു. അനന്തരം തിരുവോസ്തി ദേവാലയത്തിലേക്ക് പ്രദക്ഷിണമായി കൊണ്ടുവന്നു.

കൂദാശ ചെയ്യപ്പെട്ട അപ്പവും വീഞ്ഞും യഥാർഥ മാംസരക്തങ്ങളായി രൂപാന്തരപ്പെടുന്നത് ദൈവസാന്നിധ്യത്തിന്റെ അസാധാരണപ്രകടനങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. ക്രിസ്തു ദിവ്യകാരുണ്യത്തിൽ സത്യമായും സന്നിഹിതനാണെന്ന് ലോകത്തോട് വിളിച്ചുപറയുന്നവയാണ് ഓരോ ദിവ്യകാരുണ്യഅടയാളങ്ങളും. മനുഷ്യനാൽ വിശദീകരിക്കാൻ കഴിയാത്തതും ശാസ്ത്രത്തിന് അതീതവുമായ സംഭവങ്ങളാണ് ഓരോ ദിവ്യകാരുണ്യ അടയാളങ്ങളും. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിരവധിയായ ദിവ്യകാരുണ്യ അടയാളങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും അവയിൽ നൂറെണ്ണം മാത്രമാണ് സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളത്. അതിൽതന്നെ എട്ടാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ലാൻസിയാനോയിൽ നടന്നതും പതിമൂന്നാം നൂറ്റാണ്ടിൽ പോർച്ചുഗലിൽ നടന്നതുമായ ദിവ്യകാരുണ്യഅടയാളങ്ങൾ അപൂർവ്വങ്ങളിൽ അപൂർവ്വമാണത്രെ.



മനുഷ്യബുദ്ധിക്കു ഗ്രഹിക്കാൻ കഴിയാത്തതും വിശദീകരിക്കാൻ സാധിക്കാത്തതുമാണ് ദിവ്യകാരുണ്യഅടയാളങ്ങൾ. അതുകൊണ്ടുതന്നെ അതിന് മുമ്പിൽ ആദരവോടെ കൈകൾകൂപ്പി ശിരസുകുനിച്ചുനില്ക്കുവാൻ മാത്രമേ അപൂർണ്ണനും പാപിയുമായ മനുഷ്യന് സാധിക്കുകയുള്ളൂ. ഓരോ അടയാളവും നമ്മുടെ വിശ്വാസംവർദ്ധിപ്പിക്കാൻ സഹായിക്കുന്നവയായി മാറിയിരിക്കണം.

ചരിത്രപരമായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ദിവ്യകാരുണ്യ അടയാളങ്ങൾ ചിലതെങ്കിലും നടന്നിരിക്കുന്നത് എന്നുകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. ആദ്യത്തേതെന്ന് പൊതുവെ അംഗീകരിക്കപ്പെടുന്ന ദിവ്യകാരുണ്യഅടയാളത്തിനു പിന്നിലെ ചരിത്രം തന്നെ നോക്കുക. 717 മുതൽ 741 വരെ ഭരിച്ചിരുന്ന ബൈസെന്റെൻ ചക്രവർത്തി ക്രൈസ്തവവിശ്വാസത്തിനെതിരെ ഉഗ്രമായ ചില ശാസനകൾ പുറപ്പെടുവിച്ചിരുന്നു. വിശുദ്ധരൂപങ്ങൾ തകർക്കുകയും വൈദികരെ കൊന്നുകളയുകയും ചെയ്യുന്നവിധത്തിൽ ക്രൂരമായ മതപീഡനങ്ങൾ. നിരവധി ബസീലിയൻ സന്യാസികൾ ഇത്തരമൊരു സാഹചര്യത്തിൽ ജീവരക്ഷാർത്ഥം ഇറ്റലിയിൽ അഭയം തേടിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ആദ്യത്തെ ദിവ്യകാരുണ്യഅടയാളം നടന്നത്.

സ്വാഭാവികകാരണങ്ങളാൽ സംഭവിക്കുന്ന മാറ്റങ്ങളെയും യഥാർഥ അത്ഭുതങ്ങളെയും തമ്മിൽ യുക്തിസഹമായി വേർതിരിച്ചുകൊണ്ടാണ് കത്തോലിക്കാസഭ ദിവ്യകാരുണ്യവുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങളെ നിർവചിക്കുന്നത്. ഉദാഹരണത്തിന് ഡാളസ് രൂപതയിൽ സംഭവിച്ച അത്ഭുതമെന്ന് വിശേഷിപ്പിക്കപ്പെട്ട സംഭവം വിശദീകരണയോഗ്യമാണെന്നായിരുന്നു ഡാളസ് സർവകലാശാലയിലെ ജീവശാസ്ത്ര പ്രഫസർമാരുടെ അഭിപ്രായം. ഗ്ലാസിലെ വെള്ളത്തിൽ വച്ച് തിരുവോസ്തിക്കു നിറംമാറ്റം സംഭവിച്ചത് ഫംഗസ് മൈസീലിയയുടെയും ബാക്ടീരിയ കോളനികളുടെയും സംയോജനഫലമായിട്ടാണെന്നായിരുന്നു അവർ തെളിയിച്ചത്. എന്നാൽ അതുപോലെയല്ല 2008 ൽ സോകോൽക്കയിൽ നടന്ന ദിവ്യകാരുണ്യ അടയാളത്തിന് നല്കിയ വിശദീകരണം. ബിയോലിസ്റ്റോക്ക് മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ പ്രഫ. സ്റ്റാനിസ്ലാവ് സുൽക്കോവ്സിക്കിയുടെ അഭിപ്രായത്തിൽ അത്ഭുതം നടന്നതായി വിശ്വസിക്കപ്പെടുന്ന തിരുവോസ്തിയിൽ കാണപ്പെട്ടത് വേദന അനുഭവിച്ച ഒരു വ്യക്തിയുടെ ഹൃദയത്തിൽ നിന്നുള്ള ടിഷ്യു ശകലങ്ങൾ ആണെന്നായിരുന്നു.

ഇതിനോടു ചേർത്തുവച്ച് കാണേണ്ട ഒന്നാണ് 1996 ഓഗസ്റ്റ് 18-ന് ബ്യൂണസ് അയേഴ്സിൽ സംഭവിച്ച ദിവ്യകാരുണ്യഅടയാളം. ഇത്തരം സംഭവങ്ങളിൽ സാധാരണ ചെയ്യുന്നതുപോലെ പെട്ടെന്ന് തന്നെ ഫാ.അലെജാൻഡ്രോ പെസെറ്റ് തിരുവോസ്തി വെള്ളത്തിലിട്ട് അതു ചെറിയൊരു പേടകത്തിൽ സൂക്ഷിച്ചു. ദിവസങ്ങൾക്കു ശേഷം - ഓഗസ്റ്റ് 26-നോക്കിയപ്പോൾ തിരുവോസ്തി രക്തരൂക്ഷിതവും മാംസളവുമായ പദാർത്ഥമായി പരിണമിച്ചിരുന്നു. പില്ക്കാലത്ത് ഫ്രാൻസിസ് മാർപാപ്പയായി മാറിയ ആർച്ചുബിഷപ് ജോർജ് ബെർഗോളിയോയുടെ നേതൃത്വത്തിലാണ് ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തിയത്. സാമ്പിൾ പരിശോധിച്ച പാത്തോളജിസ്റ്റ് ഡോ. ഫ്രെഡറിക് വ്യക്തമാക്കിയത് ഈ മാംസഭാഗം കഠിനവേദന അനുഭവിച്ച ഒരു വ്യക്തിയുടെ ഇടതു വെൻട്രിക്കളിലെ ഹാർട്ട് മസിൽ ആണെന്നായിരുന്നു. അതിലുണ്ടായിരുന്ന രക്തമാകട്ടെ മനുഷ്യശരീരത്തിലുള്ള എ. ബി ഗ്രൂപ്പും.

ടൂറിനിലെ തിരുക്കച്ചയിൽ നടത്തിയ പഠനഫലം വ്യക്തമാക്കിയത് അതിൽ പടർന്നിരിക്കുന്ന രക്തം എ. ബി ഗ്രൂപ്പ് ആണെന്നായിരുന്നു. അതേ റിസൾട്ടാണ് ദിവ്യകാരുണ്യ അടയാളം പതിപ്പിച്ച തിരുവോസ്തിയിൽ നടത്തിയ ലോകത്തിലെ എല്ലാ പഠനങ്ങളിലും വ്യക്തമായിരിക്കുന്നതും. ലോകത്തിൽ ആദ്യത്തേതെന്ന് രേഖപ്പെടുത്തിയിരിക്കുന്നതു മുതൽ ബ്യൂണസ് അയേഴ്സിൽ സംഭവിച്ചതുവരെയുള്ള ദിവ്യകാരുണ്യഅടയാളങ്ങളിലെല്ലാം ഇതേ ഗവേഷണഫലംതന്നെയാണ് ആവർത്തിച്ചുവന്നിരിക്കുന്നതും. അതായത് എട്ടാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും ഒരേ സ്വഭാവത്തോടെ ദിവ്യകാരുണ്യഅടയാളങ്ങൾ ആവർത്തിക്കപ്പെട്ടിരിക്കുന്നു.

മനുഷ്യബുദ്ധിക്കു ഗ്രഹിക്കാൻ കഴിയാത്തതും വിശദീകരിക്കാൻ സാധിക്കാത്തതുമാണ് ദിവ്യകാരുണ്യഅടയാളങ്ങൾ. അതുകൊണ്ടുതന്നെ അതിന് മുമ്പിൽ ആദരവോടെ കൈകൾകൂപ്പി ശിരസുകുനിച്ചുനില്ക്കുവാൻ മാത്രമേ അപൂർണ്ണനും പാപിയുമായ മനുഷ്യന് സാധിക്കുകയുള്ളൂ. ഓരോ അടയാളവും നമ്മുടെ വിശ്വാസംവർദ്ധിപ്പിക്കാൻ സഹായിക്കുന്നവയായി മാറിയിരിക്കണം. ബുദ്ധിമാന്മാരിൽ നിന്ന് മറച്ചുവച്ച് ശിശുക്കൾക്ക് മാത്രം വെളിപ്പെട്ടു കിട്ടുന്ന വിധത്തിലുള്ള ആ നിഗൂഢരഹസ്യം മനസ്സിലാക്കാൻ നമുക്ക്, ഗോതമ്പ് അപ്പത്തോളം ചെറുതാകാൻ സന്നദ്ധനായ, കടലോളം വിശാലമായ ആ യേശുഹൃദയം സ്വന്തമായുണ്ടാവണം. അതിനുവേണ്ടി നമുക്കുപ്രാർത്ഥിക്കാം. അതോടൊപ്പം പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും മഹത്വവും എന്ന് ഏറ്റുപറയുകയും ചെയ്യാം.

## കേരളത്തിലെ ദിവ്യകാരുണ്യ അടയാളങ്ങൾ

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ദിവ്യകാരുണ്യഅടയാളങ്ങൾ നടന്നിട്ടുള്ളതുപോലെ കേരളത്തിലും ഈ നൂറ്റാണ്ടിൽ ദിവ്യകാരുണ്യഅടയാളങ്ങൾ സംഭവിച്ചിട്ടുണ്ട്. 2013-ൽ കണ്ണൂർ ജില്ലയിലെ വിളക്കന്നൂരിലായിരുന്നു ഒരു അടയാളം നടന്നത്.

മാടവന സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് ആഗ്ന എന്ന പെൺകുട്ടി ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ തിരുവോസ്തി മാംസരൂപമായി. തുടർച്ചയായി മൂന്നു ഞായറാഴ്ചകളിലും ഈ അടയാളം ആവർത്തിക്കപ്പെട്ടു. അത്ഭുതം സംഭവിച്ച ദിവ്യകാരുണ്യം രൂപതകേന്ദ്രത്തിലേക്ക് മാറ്റുകയും വിശദമായപഠനങ്ങൾ ആരംഭിക്കുകയും ചെയ്തു. അതിനു മുമ്പ് ഇത്തരത്തിലുള്ള അത്ഭുതം സംഭവിച്ചത് പാലക്കാട് കഞ്ചിക്കോട്ടെ റാണി ജോൺ എന്ന വീട്ടമ്മയ്ക്കാണ്. 1997-ൽ കഞ്ചിക്കോട്ടെ നല്ലിടയൻ പള്ളിയിൽ വച്ച് ഒക്ടോബർ 26-ന് പാലക്കാട് ബിഷപ് മാർ ജേക്കബ് മനത്തോടത്തിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ വച്ച് പരിശുദ്ധ കുർബാന സ്വീകരിച്ചപ്പോഴാണ് തിരുവോസ്തി തിരുശരീരരക്തങ്ങളായി മാറിയത്. പിന്നീടും ഈ അടയാളം ആവർത്തിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ടു സംഭവങ്ങൾ നടന്നപ്പോഴും അനേകർ അവയ്ക്ക് ദൃക്സാക്ഷികളുമായിരുന്നു.

# ശരീരങ്ങളുടെ ഉയിർപ്പിലും നിത്യജീവിതത്തിലുമുള്ള വിശ്വാസം

വിശ്വാസപ്രമാണ പഠനപരമ്പര

**നിത്യജീവൻ യഥാർഥത്തിൽ ആരംഭിക്കുന്നത് ഈ ഭൂമിയിൽവച്ച് തന്നെയാണ്. പരിശുദ്ധ മാമോദീസയിൽ നാം സ്വീകരിക്കുന്നത് ദൈവീക ജീവനാണെന്ന് നാം പഠിച്ചിട്ടുണ്ട് ദൈവിക ജീവൻ നിത്യജീവനാണ്. മാമോദീസ മിശിഹായോടൊപ്പമുള്ള മരണവും സംസ്കാരവും ഉത്ഥാനവുമാണ്. അവിടത്തോടൊത്ത് മരിക്കുന്നവൻ അവിടത്തോടൊത്ത് ഉത്ഥാനം ചെയ്യുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ ഉത്ഥാനത്തിൽ പങ്കാളികളാകുന്നു**

ഫാ. ഡോ. അരുൺ കലമറ്റത്തിൽ

വിശ്വാസപ്രമാണത്തിന്റെ ഏറ്റവും ജിജ്ഞാസ ഉളവാക്കുന്നതും സങ്കീർണവുമായ ഭാഗം ശരീരത്തിന്റെ ഉയിർപ്പിനെയും നിത്യജീവിതത്തെയും കുറിച്ചുള്ള പ്രഖ്യാപനമാണ്.

### 1. ശരീരത്തിന്റെ ഉയിർപ്പ്

'ശരീരങ്ങളുടെ ഉയിർപ്പിലും ഞാൻ വിശ്വസിക്കുന്നു'! എന്ന് അനുദിനം നാം ഏറ്റുപറയുന്നതിന്റെ അടിസ്ഥാനം ഈശോയുടെ ഉയിർപ്പാണ്. ഈശോയുടെ ഉത്ഥാനത്തെ സംബന്ധിച്ച് ഒന്നാമത്തെ യാഥാർഥ്യം അവിടന്ന് ഉയിർക്കുന്നത് ശരീരത്തോടുകൂടിയാണ് എന്നതാണ്. എന്നാൽ ഈ ശരീരം മുൻപ് ഉണ്ടായിരുന്ന ഭൗതികശരീരത്തിന്റെ പരിമിതികളും പ്രത്യേകതകളും ഉള്ളതായിരുന്നില്ല എന്നുമാത്രം. ഈശോയുടെ ഉത്ഥിത ശരീരം സ്ഥലകാല പരിമിതികളില്ലാത്ത മഹത്ത്വീകൃത ശരീരമാണ്. തേജസാണ് ഈ ശരീരത്തിന്റെ ഭാവം. എന്നാൽ ഈ ശരീരം മുൻപുണ്ടായിരുന്ന ഭൗതിക ശരീരത്തിന്റെ തുടർച്ച തന്നെയുമാണ്. ഈശോ പഴയ ശരീരമുപേക്ഷിച്ച് പുതിയൊരു ശരീരം സ്വീകരിക്കുകയായിരുന്നില്ല. 'സത്യവും യാഥാർഥ്യവുമായ ഈ ഉത്ഥിതശരീരം മഹത്ത്വപൂർണമായ ശരീരത്തിന്റെ പുതിയ ഗുണങ്ങളും കൂടിയുള്ളതാണ്' (CCC 645) എന്ന് തിരുസഭ പഠിപ്പിക്കുന്നു.

### ഉത്ഥിത ശരീരത്തിന്റെ സവിശേഷതകൾ

ഉത്ഥിത ശരീരം ഒരു ഭൗതിക ശരീരമല്ല. ആ ശരീരം ഭൂമിയിലെ മരണത്തിനു മുമ്പുണ്ടായിരുന്ന ശരീര രൂപഭാവങ്ങൾ സംവഹിക്കുന്നില്ല, എന്നാൽ അതേസമയം ഉത്ഥിത ശരീരം മുമ്പത്തെ ഭൗമിക ശരീരത്തിന്റെ സത്താപരമായ തുടർച്ച തന്നെയായിരിക്കുകയും ചെയ്യുന്നു. ഉത്ഥിത ശരീരത്തിന്റെ സവിശേഷതകളായി തിരുസഭ പഠിപ്പിക്കുന്നത് താഴെ പറയുന്ന അഞ്ച് കാര്യങ്ങളാണ്:

1. **അക്ഷയത്വം:** ക്ഷയിച്ചു പോകാത്തതും നിത്യം നിലനിൽക്കുന്നതുമാണ് ഉത്ഥിത ശരീരം.

2. **ദീപ്തി:** തേജോമയവും പ്രഭാപൂരിതവുമായിരിക്കും ഉത്ഥിത ശരീരങ്ങൾ.

3. **സൂക്ഷ്മത:** ഭൗതിക പദാർഥങ്ങളുടെ തടസമില്ലാതെ സഞ്ചരിക്കാനുള്ള സാധ്യതയാണിത്. കതകടച്ചിരിക്കെ ഉള്ളിലേക്ക് പ്രവേശിച്ച ഉത്ഥിതനായ മിശിഹായെ ഓർമിക്കുക.

4. **ലഘുത്വം:** ഭാരരഹിതമായ ശരീരം.

5. **വേഗത:** ഭൗമിക സഞ്ചാരവേഗതയുടെ പരിമിതികളില്ലാത്ത ശരീരമാണത്.

### 2. നിത്യജീവനിലേക്കുള്ള വിശ്വാസം

നിത്യജീവൻ എന്ന പദം തന്നെ രണ്ടു വാക്കുകളുടെ സംയോജനമാണ്; നിത്യതയും ജീവനും. നിത്യതയിലുള്ള ജീവനാണ് അഥവാ ജീവിതമാണ് നിത്യജീവൻ.


ആരംഭമോ അവസാനമോ ഇല്ലാത്ത നിത്യം നിലനിൽക്കുന്ന അവസ്ഥയെയാണ് നിത്യത എന്ന് വിളിക്കുന്നത്. ദൈവം മാത്രമാണ് ഈ അർഥത്തിൽ നിത്യതയിലുള്ളത്. എന്നാൽ മനുഷ്യൻ പ്രവേശിക്കുന്ന നിത്യജീവിതത്തിന് ഒരു വ്യത്യാസമുണ്ട്. അത് നിത്യം നിലനി ൽക്കുന്നതാണെങ്കിലും അതിന് ആരംഭമുണ്ട്. ദൈവം നിത്യതയിലായിരിക്കുന്നത് ആരംഭമില്ലാ തെയാണെങ്കിൽ പുനരുത്ഥാനത്തെത്തുടർന്നാണ് നാം ദൈവത്തോടൊപ്പം നിത്യതയിൽ പ്രവേശിക്കാൻ പോകുന്നത്.

നിത്യജീവൻ യഥാർഥത്തിൽ ആരംഭിക്കുന്നത് ഈ ഭൂമിയിൽവച്ച് തന്നെയാണ്. പരിശുദ്ധ മാമോദീസയിൽ നാം സ്വീകരിക്കുന്നത് ദൈവീക ജീവനാണെന്ന് നാം പഠിച്ചിട്ടുണ്ട് ദൈവിക ജീവൻ നിത്യജീവനാണ്. മാമോദീസ മിശിഹായോടൊപ്പമുള്ള മരണവും സംസ്കാരവും ഉത്ഥാനവുമാണ്. അവിടത്തോടൊത്ത് മരിക്കുന്നവൻ അവിടത്തോടൊത്ത് ഉത്ഥാനം ചെയ്യുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ ഉത്ഥാനത്തിൽ പങ്കാളികളാകുന്നു (റോമ 6:1).

### 3. നിത്യജീവനും ഭൗമിക ജീവിതവും

നിത്യജീവൻ വെറുമൊരു സങ്കല്പമോ ഭാവിയെകുറിച്ചുള്ള വെറും പ്രതീക്ഷയോ അല്ല, ഈ ലോക ജീവിതത്തിന്റെ അന്തഃസത്തയും അടിസ്ഥാനവും തന്നെയാണത്. ഒരാളുടെ നിത്യജീവനെക്കുറിച്ചുള്ള അവബോധമാണ് അയാളുടെ ഈ ജീവിതത്തെ ക്രമപ്പെടുത്തുന്നത്. നിത്യ ജീവിതാവബോധമില്ലാത്ത ഒരാൾക്ക് ധാർമികബോധമുണ്ടാകണമെന്നില്ല. ഈ ജീവിതത്തിന് അർഥമുണ്ടെന്ന് ബോധ്യപ്പെടാൻ ഈ ജീവിതം ഇവിടെ അവസാനിക്കുന്ന ഒരു പുൽക്കൊടിയല്ല എന്ന് തിരിച്ചറിയണം. ■

# അന്യജീവനുതകി സ്വജീവിതം ധന്യമാക്കി...




വർഷം 2015 മാർച്ച് 15, ലാഹോറിലെ സെന്റ് ജോൺ ദേവാലയം.

കർശനമായ സുരക്ഷാക്രമീകരണങ്ങൾ അവിടെ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. ആളുകളെ അകത്തേക്ക് കടത്തിവിടുന്നതും പുറത്തേക്ക് കടത്തിവിടുന്നതും മെറ്റൽ ഡിറ്റക്റ്റർ പോലെയുള്ള ഉപകരണങ്ങൾ കൊണ്ട്പരിശോധിച്ചതിനു ശേഷം മാത്രമായിരുന്നു. അന്നേ ദിവസത്തെ സുരക്ഷാക്രമീകരണങ്ങളുടെ ചുമതലക്കാരൻ ആകാശ് ബഷീർ എന്ന ചെറുപ്പക്കാരനായിരുന്നു. ഞായറാഴ്ച കുർബാനയ്ക്ക് വിശ്വാസികൾ ഓരോരുത്തരായി എത്തിക്കൊണ്ടിരുന്നു. അവരെയെല്ലാം പതിവുപോലെ ആകാശ് പരിശോധിച്ചതിന് ശേഷം അകത്തേക്ക് കടത്തിവിട്ടുകൊണ്ടിരുന്നു. പക്ഷേ അവരിലൊരാളിൽ ആകാശിന് എന്തോ സംശയം തോന്നി. അയാളെ കർശനമായ പരിശോധനയ്ക്ക് വിധേയനാക്കിയ ആകാശ് ആ സത്യം തിരിച്ചറിഞ്ഞു. അയാളൊരു ചാവേറാണ്. അയാൾ പള്ളിയിൽ പ്രവേശിച്ചാൽ നൂറുകണക്കിന് ആളുകൾ പൊട്ടിച്ചിതറും. ഞായറാഴ്ചയിലെ വിശുദ്ധ ബലിയിൽ പങ്കെടുക്കാൻ വന്ന നിരപരാധികളായ വിശ്വാസികൾ. വൈദികൻ തിരുക്കർമ്മങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. ആകാശ് അയാളെ തടഞ്ഞുനിർത്താൻ ശ്രമിച്ചു. പക്ഷേ ചാവേറിന് അയാളുടെ ലക്ഷ്യം പൂർത്തിയാക്കിയേ മതിയാവൂ. ആകാശിനാവട്ടെ തന്റെ കടമ നിർവഹിച്ചേ മതിയാവൂ.



'എനിക്ക് മരിക്കേണ്ടിവന്നാൽ പോലും ഞാൻ നിന്നെ അകത്തേക്ക് കടത്തിവിടില്ല. തിന്മയെ അകത്തേക്ക് പ്രവേശിപ്പിക്കുന്നതിനെക്കാൾ എനിക്കിഷ്ടം മരിക്കാനാണ്' ആകാശ് ധീരതയോടെ പ്രഖ്യാപിച്ചു. അതുപറഞ്ഞുകൊണ്ട് അയാൾ ചാവേറിനെ ഉടുമ്പടക്കം പിടിച്ചു. ആ നിമിഷം ചാവേർ പൊട്ടിത്തെറിച്ചു; ആകാശും. പള്ളിയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയായിരുന്ന വിശ്വാസികൾ ഉഗ്രസ്ഫോടനം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് പള്ളിമുറ്റത്ത് ഒരു അഗ്നിഗോളം. കാതിലെത്തിയത് നിലവിളികൾ.

ആയിരത്തിയഞ്ഞൂറോളം പേർ ആ സമയം പള്ളിയിലുണ്ടായിരുന്നുവെന്നാണ് കണക്ക്. അത്രയും ആളുകളെ രക്ഷിക്കാനായി സ്വന്തം ജീവൻ ബലികൊടുക്കുമ്പോൾ ആകാശ് ബഷീറിന് ഇരുപതു വയസ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ.

1994 ജൂൺ 22 നായിരുന്നു ആകാശിന്റെ ജനനം. ലാഹോറിലെ ഡോൺ ബോസ്ക്കോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനത്തിനു ശേഷം 2014 ഡിസംബറിലാണ് സെന്റ് ജോൺ ദേവാലയത്തിലെ സെക്യൂരിറ്റി ടീമിൽ ചേർന്നത്. ജോലിക്കുവേണ്ടിയോ ശമ്പളത്തിനുവേണ്ടിയോ ആയിരുന്നില്ല ആ കടമ അവൻ നിർവഹിച്ചത് മറിച്ച് കറകളഞ്ഞ സഭാസ്നേഹം കൊണ്ടായിരുന്നു. ആ സഭാസ്നേഹം തന്നെയാണ് സ്വന്തം ജീവൻ ബലികൊടുത്തും പള്ളിയിലുണ്ടായിരുന്ന വരെ രക്ഷിക്കാൻ അവനെ പ്രേരിപ്പിച്ചതും. വീരോചിതമായ അവന്റെ പ്രവൃത്തി രക്തസാക്ഷിത്വം കൂടിയായിട്ടാണ് സഭ കണക്കാക്കിയത്. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയസ്നേഹമില്ല എന്നാണല്ലോ ക്രിസ്തുപറഞ്ഞിരിക്കുന്നതും. അന്നേദിവസത്തെ ചാവേറാക്രമണത്തിൽ ആകാശും ചാവേറും അല്ലാതെ രണ്ടുപേർകൂടി കൊല്ലപ്പെടുകയുണ്ടായി. ഇതേ ദിവസം തന്നെ പാക്കിസ്ഥാനിലെ ക്രൈസ്റ്റ് ചർച്ചിൽ ഒരു സ്ഫോടനം നടന്നു. പതിനേഴു പേർ കൊല്ലപ്പെടുകയും എഴുപതോളം പേർക്ക് പരിക്കേല്ക്കുകയും ചെയ്തു. തെഹ്രീക്ഇ താലിബാൻ ഈ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു.

അഫ്ഗാനിസ്ഥാൻ അതിർത്തിക്കടുത്തായിരുന്നു ആകാശിന്റെ ജനനം. എന്നാൽ ക്രൈസ്തവനായി അവിടെ ജീവിക്കാൻ ഏറെ ബുദ്ധിമുട്ടു ഉള്ളതിനാൽ ഇന്ത്യയുടെ അതിർത്തിക്കടുത്തുള്ള ലാഹോറിലേക്ക് മാറിതാമസിക്കുകയായിരുന്നു. ദാരിദ്ര്യവും അസ്ഥിരതയും അനുഭവിച്ചായിരുന്നു അവന്റെ ബാല്യകാലം കടന്നുപോയത്. എന്നാൽ ഈ പ്രതികൂലസാഹചര്യങ്ങൾ ആകാശിനെ കൂടുതൽ കരുത്തനാക്കുകയാണ് ചെയ്തത് എന്നായിരുന്നു പൊതുവെയുള്ള വിലയിരുത്തൽ. മറ്റുള്ളവരുടെ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നല്കിയ വ്യക്തിയായിരുന്നു ആകാശ്. അതിന്റെ ഭാഗമായി ഒരു പട്ടാളക്കാരനാകാനായിരുന്നു അവനാഗ്രഹിച്ചത്. പക്ഷേ പട്ടാളത്തിൽ ചേരാൻ അവന് സമയം കിട്ടിയില്ല. അതിനുമുമ്പേ അവൻ യാത്രയായിരുന്നുവല്ലോ.

പാക്കിസ്ഥാനിലെ ക്രൈസ്തവ ദേവാലയങ്ങൾക്കെതിരെ രൂക്ഷമായ വിധത്തിൽ ആക്രമണങ്ങൾ വർധിച്ച സാഹചര്യത്തിലാണ് സുരക്ഷാഗാർഡുകളായി പ്രവർത്തിക്കാനുള്ള സന്നദ്ധപ്രവർത്തകരുടെ ഗ്രൂപ്പ് രൂപീകരിച്ചതും ആകാശ് അതിൽ അംഗമായതും. പ്രാർഥനായോഗങ്ങളും ജപമാല പ്രാർഥനയും ബൈബിൾ പഠനവും ഈ സമൂഹത്തിന്റെയും ഭാഗമായിരുന്നു. സന്നദ്ധപ്രവർത്തകരുടെ ടീമിൽ ഏറ്റവും പ്രായം കുറഞ്ഞവനായിരുന്നു ആകാശ്. അവന് മാതാവിനോട് വലിയഭക്തിയുണ്ടായിരുന്നു. ജപമാല കഴുത്തിൽ ധരിച്ചുകൊണ്ട് മാത്രമേ അവനെ കാണാനും കഴിയുമായിരുന്നുള്ളൂ. ചാവേർ ആക്രമണം നടന്ന ദിവസം വെള്ള സൽവാർ ധരിച്ചാണ് അവൻ പള്ളിയിലേക്ക് പുറപ്പെട്ടത്. അഴുക്കുപറ്റും എന്നതിനാൽ മറ്റെന്തെങ്കിലും വേഷം ധരിക്കാൻ അമ്മ ആവശ്യപ്പെട്ടുവെങ്കിലും അവൻ തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു.. വിശുദ്ധിയുടെ വെള്ളവസ്ത്രത്തിൽ രക്തസാക്ഷിത്വത്തിന്റെ ചുമന്ന നിറം കലരാൻ ഏതാനും മണിക്കൂറുകളേയുള്ളൂവെന്ന് അപ്പോഴാരും അറിഞ്ഞിരുന്നില്ല. പക്ഷേ സംഭവിച്ചത് അതായിരുന്നുവല്ലോ.

ലാഹോർ ആർച്ചുബിഷപ് സെബാസ്റ്റ്യൻ ഫ്രാൻസിസ് ആണ് ആകാശിന്റെ സംസ്കാരച്ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. തങ്ങൾക്കുവേണ്ടി സ്വജീവൻ ബലികഴിച്ച ആകാശിനെ കണ്ണീരോടും സ്നേഹത്തോടും കൂടി മാത്രമേ പാക്കിസ്ഥാനിലെ ക്രൈസ്തവർക്ക് ഓർമ്മിക്കാനാവൂ. ആകാശ് ബഷീറിന്റെ നാമകരണനടപടികൾ വൈകാതെ ആരംഭിച്ചു. 2022 ജനുവരിയിൽ ഫ്രാൻസിസ് മാർപാപ്പ ആകാശിനെ ദൈവദാസനായി പ്രഖ്യാപിച്ചു. 2011-ൽ വധിക്കപ്പെട്ട പാക്കിസ്ഥാൻ ക്രൈസ്തവന്യൂനവകുപ്പ മന്ത്രി ഷഹബാസ് ഭാട്ടിക്കുശേഷം പാക്കിസ്ഥാനിൽ നിന്ന് ദൈവദാസപദവിയിലെത്തിയ രണ്ടാമത്തെ അല്മായനാണ് ആകാശ് ബഷീർ. ■

# പരസ്നേഹപ്രവൃത്തികളുടെ 56 വർഷങ്ങൾ

**സി. പീയൂഷ എസ്.എം.എസ് (മദർ ജനറൽ)**

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്" (മത്താ 25: 40) എന്ന യേശുക്രിസ്തുവിന്റെ വചനം ഉൾക്കൊണ്ടു പാലാ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന ദിവംഗതനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ അനുഗ്രഹ ആശീർവാദത്തോടും അംഗീകാരത്തോടും കൂടി പാലാ രൂപതയിലെ ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ 1969 മെയ് 24-ന് തുടക്കമിട്ട സന്ന്യാസിനി സമൂഹമാണ് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ് (SMS).സമൂഹത്തിലെ അവശരും ആലംബഹീനരും ഉപേക്ഷിക്കപ്പെട്ടവരുമായവരുടെ ഇടയിൽ യേശുവിന്റെ കരുണാർദ്രസ്നേഹത്തിന് സാക്ഷ്യംവഹിക്കുന്ന ഈ സമർപ്പിത സന്ന്യാസിനി സമൂഹം ഇന്ന് സീറോമലബാർസഭയിലെ ഒരു മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സന്ന്യാസിനി സമൂഹമാണ്.



പാലായുടെ മണ്ണിൽ പിറവിയെടുത്ത് വളർന്നുപന്തലിച്ച സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ നാൾവഴികളിലൂടെ...

കഴിഞ്ഞ 56 വർഷത്തിനിടയിലെ സ്നേഹഗിരി സന്യാസിനി സമൂഹത്തിന്റെ വളർച്ചയും ഉയർച്ചയും ദൈവാനുഗ്രഹത്തിന്റെ പ്രതിഫലനമാണ്. സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട്, അനാഥരും അവഗണിക്കപ്പെട്ടവരും ഒറ്റപ്പെടലുകൾ അനുഭവിക്കുന്നവരുമായവർക്ക്, ഈശോയുടെ കരുണാർദ്രസ്നേഹം പകരുന്ന, ആതുരശുശ്രൂഷയാണ് സ്നേഹഗിരി മിഷനറി സന്ന്യാസിനി സമൂഹത്തിന്റെ കാരിസം. സ്നേഹഗിരിക്ക് ഇന്ന് 525 സിസ്റ്റേഴ്സും രൂപീകരണത്തിൽ 25 അർത്ഥിനികളുമാണുള്ളത്. ഇന്ത്യയിലും വിദേശത്തും 26 രൂപതകളിലായി 117 ഭവനങ്ങളുമുണ്ട്. സ്നേഹഗിരി സിസ്റ്റേഴ്സിന്റെ കാരുണ്യപ്രവൃത്തികളുടെ തണലിൽ 6,000ത്തോളം ദൈവമക്കൾ സന്തോഷത്തോടെ കഴിയുന്നു. ബാലഭവനങ്ങൾ, വൃദ്ധസദനങ്ങൾ, ശാരീരിക വൈകല്യമുള്ളവർക്കായുള്ള ഭവനങ്ങൾ, ശാരീരികമാനസിക വെമുവിളികൾ നേരിടുന്ന മക്കൾക്കും, മാനസികരോഗികൾക്കുമായുള്ള ഭവനങ്ങൾ, കാൻസർരോഗികൾക്കായുള്ള പാലിയേറ്റീവ് കെയർസെന്ററുകൾ തുടങ്ങിയവയാണ് സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹത്തിന്റെ ശുശ്രൂഷാമേഖലകൾ. അതോടൊപ്പം സ്പെഷ്യൽ സ്കൂളുകൾ, ടെയ്‌ലറിംഗ് എബ്രോയ്ഡറി, ക്രാഫ്റ്റ് സെന്റ്റുകൾ,ഓസ്തി നിർമ്മാണം, പ്രിന്റിംഗ് പ്രസ്സ് തുടങ്ങി വിവിധ തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ സ്നേഹഗിരി സിസ്റ്റേഴ്സിന്റെ ഉത്തരവാദിത്വത്തിൽ നടത്തപ്പെടുന്നു. കൂടാതെ മതബോധനം, ഭവനസന്ദർശനം, പ്രാർഥനാ ശുശ്രൂഷകൾ, ബൈബിൾ ക്ലാസ്സുകൾ, ഹോം മിഷൻ പ്രോഗ്രാം, പാവപ്പെട്ട കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം, ഹെൽത്ത് കെയർ ക്ലിനിക്കുകൾ, ഫാമിലി അപ്പസ്റ്റോലേറ്റ്, കൗൺസിലിംഗ് തുടങ്ങിയ ശുശ്രൂഷകളും നിർവ്വഹിക്കുന്നു.

1993-1994 വർഷങ്ങളിൽ സ്നേഹഗിരി സന്യാസിനി സമൂഹത്തിന്റെ രജതജൂബിലി ആഘോഷിച്ചു. 1994-ൽ സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹത്തെ രൂപതാ സന്യാസിനി സമൂഹമായി ഉയർത്തി. 2006 സെപ്റ്റംബർ 3-ന് സീറോമലബാർ സഭയുടെ അന്നത്തെ മേജർ ആർച്ചുബിഷപ്പായിരുന്ന ദിവംഗതനായ അഭിവന്ദ്യ കർദിനാൾ മാർ വർക്കി വിതയത്തിൽ സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹത്തെ മേജർആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തി. 2008-ൽ എസ്.എം.എസ് ജനറലേറ്റിൽ നടന്ന ജനറൽ സിനാക്സിസിൽ സന്യാസി സമൂഹം മൂന്നു പ്രൊവിൻസുകളായി വിഭജിക്കപ്പെട്ടു. സെന്റ് തോമസ് പ്രോവിൻസ് പാലാ, സെന്റ് മേരീസ് പ്രോവിൻസ് കോതമംഗലം, സെന്റ് ജോസഫ്സ് പ്രോവിൻസ് മലബാർ. 2014-ൽ സെന്റ് മേരീസ് പ്രൊവിൻസ് കോതമംഗലത്തിന്റെ കീഴിൽ ജഗദൽപ്പൂർ മിഷനിൽ "സ്നേഹാത്മാ" റീജിയൻ സ്ഥാപിക്കപ്പെട്ടു.

2014 മെയ് 4-ന് സ്ഥാപക പിതാവ് ബഹു. അബ്രാഹം കൈപ്പൻപ്ലാക്കലച്ചൻ തന്റെ 101-ാം വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2018-2019-ൽ സ്നേഹഗിരി സന്യാസിനി സമൂഹം സുവർണ്ണ ജൂബിലി ആഘോഷിച്ചു. പരിശുദ്ധ കുർബാനയിൽ നിന്നും ശക്തിയും ചൈതന്യവും സ്വീകരിച്ച്, സർവ്വോപരി സ്ഥാപകപിതാവിന്റെ കാരിസം അവികലമായി കാത്തുസൂക്ഷിച്ച്, ജാതിമത ഭേദമെന്യേ അശരണരും ആലംബഹീനരും പാവപ്പെട്ടവരുമായ ആബാലവൃദ്ധം സഹോദരങ്ങൾക്ക് തങ്ങളുടെ എളിയശുശ്രൂഷയിലൂടെ ദൈവത്തിന്റെ കരുണയും സ്നേഹവും പങ്കുവയ്ക്കുവാൻ സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹം നിതാന്തശ്രദ്ധ ചെലുത്തുന്നു. ■



# ചെല്ലാനത്തെ മനുഷ്യരുടെ ആവശ്യങ്ങൾ അടിയന്തിരമായി പരിഹരിക്കണം: മേജർ ആർച്ചുബിഷപ്പ്



കാക്കനാട്: രൂക്ഷമായ കാലവർഷക്കെടുതിയും കടലാക്രമണവും മൂലം ഭവനരഹിതരും ജീവിതമാർഗംതന്നെ വഴിമുട്ടിയവരുമായ ചെല്ലാനത്തെ മനുഷ്യരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനും അവർക്കു സുരക്ഷിതമായ താമസസൗകര്യങ്ങൾ ഒരുക്കാനും സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ആവശ്യപ്പെട്ടു. ചെല്ലാനം നിവാസികൾ അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് ഓരോ വർഷവും താൽക്കാലിക പരിഹാരമാർഗങ്ങൾ സ്വീകരിക്കുന്നതുകാരണമാണ് വർഷങ്ങളായിട്ടും ദുരിതത്തിന് അറുതിവരാത്തതെന്നും അതിനാൽ പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായമറിഞ്ഞു ശാശ്വതമായ പരിഹാരമാർഗങ്ങൾ സർക്കാർ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സ്വന്തം ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കാൻ തെരുവിലിറങ്ങേണ്ടിവരുന്ന മനുഷ്യർ സങ്കടപ്പെടുത്തുന്ന കാഴ്ചയാണെന്നും ഇത്രമേൽ നിസഹായാവസ്ഥയിലേക്കു ജനങ്ങളെ തള്ളിവിടുന്ന സാഹചര്യം പരിഷ്കൃത സമൂഹത്തിൽ ഉണ്ടാവാൻ പാടില്ലാത്തതാണെന്നും മേജർ ആർച്ചുബിഷപ് കൂട്ടിച്ചേർത്തു.

# വൈദികർ പ്രധാനമായും വളർത്തിയെടുക്കേണ്ട മാനുഷികഗുണം: മേജർ ആർച്ചുബിഷപ്പ്



കാക്കനാട്: വൈദികർ ഈ കാലഘട്ടത്തിൽ വളർത്തിയെടുക്കേണ്ട ഗുണങ്ങളിൽ ഏറ്റവും പ്രധാനം മാനുഷിക ഗുണങ്ങളാണെന്നും വൈദികപരിശീലനം നിരന്തരം തുടർന്നുകൊണ്ടിരിക്കേണ്ടതാണെന്നും മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയുടെ ക്ലർജി കമ്മീഷന്റെ നേതൃത്വത്തിൽ എല്ലാ രൂപതകളിൽനിന്നുമുള്ള യുവവൈദികർക്കു സഭാആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച ദശദിന പരിശീലന പരിപാടി ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ ചെയർമാൻ മാർ ടോണി നീലങ്കാവിൽ, കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ, ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ സെക്രട്ടറി റവ ഡോ. ടോം ഓലിക്കരോട്ട് എന്നിവർ പ്രസംഗിച്ചു. അജപാലന ദൈവശാസ്ത്രം, മനഃശാസ്ത്രം, ആരാധനക്രമം, സഭാനിയമം, ബൈബിൾ വ്യാഖ്യാനം, കമ്മ്യൂണിക്കേറ്റീവ് സ്കിൽസ്, യൂത്ത് അനിമേഷൻ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദഗ്ധർ ക്ലാസുകൾ നയിച്ചു. വർക്ഷോപ്പുകളും നടത്തി.

# ജീവിതശോഷണത്തിന്റെ കാലഘട്ടത്തിൽ അല്മായർക്കായുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ പ്രസക്തം: മാർ റാഫേൽ തട്ടിൽ



ലോകത്തിൽ അക്കാദമിക് സാധ്യതകൾ വർധിക്കുകയും അതേസമയം ജീവിതപഠനവും മൂല്യാധിഷ്ഠിത ജീവിതപരിശീലനവും നഷ്ടപ്പെട്ടു പോവുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ സഭയ്ക്കും സമൂഹത്തിനും നേതൃത്വവും ദിശാബോധവും നൽകുന്നതിൽ അൽമായ കമ്മീഷനു വലിയ പങ്കുണ്ടെന്നു മേജർആർച്ചുബിപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയുടെ കുടുംബങ്ങൾക്കും അല്മായർക്കും ജീവനും വേണ്ടിയുള്ള സിനഡൽ കമ്മീഷൻ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെയർമാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. എപ്പിസ്കോപ്പൽ അംഗങ്ങളായ മാർ ജോൺ നെല്ലിക്കുന്നേൽ, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ എന്നിവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി ഫാ.ഡോ. അരുൺ കലമറ്റത്തിൽ സ്വാഗതം ആശംസിച്ചു.

വിവിധ സബ് കമ്മീഷനുകൾ ഏകോപനത്തിലും കൂട്ടായ്മയിലും പ്രവർത്തിക്കുവാനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ അഭിവന്ദ്യ പിതാക്കന്മാർ കമ്മീഷന് നൽകി. ഓരോ സബ് കമ്മീഷനും വരും വർഷങ്ങളിൽ നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിക്കുകയും വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. മനുഷ്യമഹത്വത്തിനും ജീവന്റെയും കുടുംബസംവിധാനത്തിന്റെയും മൂല്യങ്ങൾക്കും വിരുദ്ധമായ സാമൂഹികതിന്മകൾക്കെതിരെ ശക്തമായ ബോധവൽക്കരണവും ക്രിയാത്മകമായ ഇടപെടലുകളും നടത്താൻ കമ്മീഷൻ തീരുമാനിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് റവ. ഡോ. ഫിലിപ്പ് കവിയിൽ കൃതജ്ഞത അർപ്പിച്ചു.

കത്തോലിക്ക കോൺഗ്രസ്, ഫാമിലി അപ്പോസ്തോലേറ്റ്, മാതൃവേദി, കുടുംബകൂട്ടായ്മ, പ്രോലൈഫ്, അൽമായ ഫോറങ്ങൾ എന്നീ സബ് കമ്മീഷനുകളെ ഏകോപിപ്പിക്കുന്ന സിനഡൽ കമ്മീഷന്റെ മീറ്റിംങ്ങാണ് നടന്നത്.

# പരിഷ്കരിച്ച പി. ഓ. സി. ബൈബിൾ പരിഭാഷയുടെ പ്രകാശനം നടത്തി



കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഔദ്യോഗിക ബൈബിൾ പരിഭാഷയായ പി.ഓ.സി. ബൈബിൾ പരിഭാഷയുടെ പ്രകാശനകർമ്മം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷൻ കർദിനാൾ മാർ ക്ലിമ്മീസ് ബാവ പ്രശസ്ത സാഹിത്യകാരൻ പ്രൊഫ. എം.കെ. സാനുവിനു നൽകികൊണ്ട് നിർവഹിച്ചു. 2008-ൽ ആരംഭിച്ച ബൈബിൾ പരിഷ്കരണം 2022-ൽ പൂർത്തിയായെങ്കിലും ഔദ്യോഗികമായ പ്രകാശനകർമം 2025 ജൂൺ 3-ന് കെസിബിസിയുടെ വർഷകാല സമ്മേളനത്തോട് അനുബന്ധിച്ചാണ് നടത്തിയത്.

# സീറോമലബാർ യൂത്ത്മൂവ്മെന്റ് പ്രഥമ നോർത്തേൺ റീജിയണൽ മീറ്റ് നടന്നു



ഉജ്ജയിൻ: SMYM പ്രഥമ നോർത്തേൺ റീജണൽ മീറ്റ് ഉജ്ജയിൻ രൂപതയുടെ ആതിഥേയത്വത്തിൽ നടന്നു. സാഗർ, ഉജ്ജയിൻ, സത്ന, ഷംഷാബാദ്, ജഗദൽപൂർ, ഗോരഖ്പൂർ, ബിജ്നോർ, ചാന്ദ എന്നീ രൂപതകളിൽ നിന്നുള്ള യുവജന പ്രതിനിധികൾ പങ്കെടുത്തു. ഉജ്ജയിൻ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വടക്കേൽ, സത്ന രൂപതാധ്യക്ഷൻ മാർ ജോസഫ് കൊടക്കലിൽ എന്നിവർ സന്ദേശം നല്കി. സാഗർ രൂപത യൂത്ത് ഡയറക്ടർ ഫാ. ജോഷി എരിയാറ്റ്പടയാട്ടിൽ, ഉജ്ജയിൻ രൂപത യൂത്ത് ഡയറക്ടർ ഫാ. അനൂപ് നീണ്ടുകുന്നേൽ എന്നിവർ നേതൃത്വം നൽകി. മറ്റ് രൂപതാ ഡയറക്ടർമാരും എസ് എം വൈ എം ഗ്ലോബൽ പ്രസിഡന്റ് അഡ്വക്കേറ്റ് സാം സണ്ണി ഓടയ്ക്കലും ക്യാമ്പിൽ പങ്കെടുത്തു. സീറോമലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, കമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് ചക്കാത്ര എന്നിവരുടെ സഹകരണത്തോടെയാണ് പ്രഥമ നോർത്തേൺ റീജണൽ മീറ്റിംഗ് സമാപിച്ചു.

# അൽമായമിഷനറിമാരുടെ സേവനങ്ങളെ ഓർമിച്ചുകൊണ്ട് മിഷനറിസംഗമം നടന്നു



കാക്കനാട്: സീറോമലബാർസഭയുടെ അൽമായമിഷനറി സംഘടനകളുടെ പ്രതിനിധികളുടെ രണ്ടാമത്തെ സംഗമം മെയ് 5 ന് മൗണ്ട് സെന്റ് തോമസിൽ നടന്നു. അൽമായ മിഷനറിമാർ സീറോമലബാർ സഭയ്ക്ക് നൽകിയിരിക്കുന്ന സേവനങ്ങൾ വിലമതിക്കാനാവാത്തവയാണെന്നും തുടർന്നും അൽമായ മിഷനറിമാരുടെ സഹകരണവും സന്നദ്ധതയും സഭയുടെ വളർച്ചയിൽ അത്യന്താപേഷിതമാണെന്നും മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണത്തിൽ പറഞ്ഞു. കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ, എപ്പിസ്കോപ്പൽ മെംബേർസ് മാർ ജോസഫ് കൊല്ലംപറമ്പിൽ സി എം ഐ, മാർ ജോൺ നെല്ലിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ വിവിധ മേഖലകളെക്കുറിച്ചുള്ള ചർച്ചകൾ യോഗത്തിൽ നടന്നു. പങ്കെടുത്ത 120 മിഷനറി അംഗങ്ങളെ 12 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പും വ്യത്യസ്തമായ പ്രവർത്തനമേഖലകളെക്കുറിച്ചു ചർച്ച നടത്തി. ഗ്രൂപ്പ് ചർച്ചകളുടെ സംഗ്രഹ റിപ്പോർട്ട് ഓരോ ഗ്രൂപ്പും യോഗത്തിൽ അവതരിപ്പിച്ചു. ഫാ ഫ്രാൻസിസ് ഇലുവത്തിങ്കൽ സി. മെർലിൻ ജോർജ് എം എസ് എം ഐ എന്നിവരും പ്രസംഗിച്ചു.



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

**മെയ് 21 മുതൽ ജൂൺ 25 വരെ**

**മെയ്**

- **21 ബുധൻ :** ഔദ്യോഗികസന്ദർശനത്തിനായി അമേരിക്കയിലെ ചിക്കാഗോ രൂപതയിലെത്തി.
- **23-25 :** ചിക്കാഗോ രൂപതയിലെ ന്യൂ ജേഴ്സിയിൽ നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുകയും വി.കുർബാനയർപ്പിച്ചു സന്ദേശം നല്കുകയും ചെയ്തു.
- **29 വ്യാഴം :** ചിക്കാഗോയിലെ ക്നാനായ സമൂഹത്തെ അഭിസംബോധന ചെയ്തു.
- **30 വെള്ളി :** ചിക്കാഗോ രൂപതയിലെ ഹൂസ്റ്റൺ സെന്റ് ജോസഫ് ഫൊറോന ദൈവാലയം സന്ദർശിച്ചു വി. കുർബാനയർപ്പിച്ചു .

**ജൂൺ**

- **1 ഞായർ :** അമേരിക്കയിലെ ചിക്കാഗോ രൂപതയിലെ മാർതോമാ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശംനല്കി.
- **3-4 :** പാലാരിവട്ടം പി.ഓ.സി യിൽ നടന്ന കെ.സി.ബി.സി സമ്മേളനത്തിൽ പങ്കെടുത്തു.
- **5 വ്യാഴം :** എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികസമിതി അംഗങ്ങളുടെയും ഫൊറോനാ വികാരിമാരുടെയും ആലോചനസമിതി അംഗങ്ങളുടെയും സംയുക്തയോഗത്തിൽ അധ്യക്ഷത വഹിച്ചു.
- **8 ഞായർ :** കെ. സി. വൈ. എമ്മിന്റെ നേതൃത്വത്തിൽ രാജഗിരി കോളേജിൽ നടത്തിയ ലീഡേഴ്സ് ക്യാമ്പിൽ പങ്കെടുത്ത യുവജനങ്ങളെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിക്കുകയും അവർക്കുവേണ്ടി വി. കുർബാനയർപ്പിച്ചു സന്ദേശം നല്കുകയുംചെയ്തു.
- **9 തിങ്കൾ :** കളമശ്ശേരി രാജഗിരി ക്യാമ്പസിൽ ജീസസ് യൂത്ത് സംഘടിപ്പിച്ച കോൺഫറൻസിനെ അഭിസംബോധനചെയ്തു സംസാരിച്ചു.

  സീറോമലബാർ ക്ലർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ സഭയിലെ യുവ വൈദികർക്കായുള്ള തുടർപരിശീലന പരിപാടി ഉദ്ഘാടനംചെയ്തു.
- **13 വെള്ളി :** നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട സി. എസ്. എസ്. ആർ. സന്യാസസമൂഹാംഗം ഫാ. ബിജു കുന്നുംപുറത്തിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം ചൊവ്വര ആശ്രമത്തിൽ നടത്തി.
- **14 ശനി :** മഹാരാഷ്ട്ര ഗവർണർ ശ്രീ. പി. രാധാകൃഷ്ണനെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.
- **18 ബുധൻ :** യുവവൈദികരുടെ തുടർപരിശീലന സെമിനാറിന്റെ സമാപനദിനത്തിൽ അവർക്കുവേണ്ടി വി. കുർബാനയർപ്പിച്ചു സന്ദേശംനല്കി. സമാപന സമ്മേളനത്തിൽ പങ്കെടുത്തു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.
- **19 വ്യാഴം :** കലൂർ റിന്യുവൽ സെന്ററിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

  ജലന്ധർ രൂപതയുടെ നിയുക്ത മെത്രാൻ മോൺ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേലിനെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.
- **20 വെള്ളി :** 2025-2028 വർഷങ്ങളിൽ സഭാകേന്ദ്രത്തിൽ ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ട സിസ്റ്റേഴ്സിനെയും അവരുടെ മേജർ സുപ്പീരിയർമാരെയും സഭാകേന്ദ്രത്തിൽ സ്വീകരിച്ചു.
- **22 ഞായർ :** എറണാകുളം -അങ്കമാലി അതിരൂപതയുടെ തൃക്കാക്കരയിലുള്ള മൈനർസെമിനാരിയിൽ വി. കുർബാനയർപ്പിക്കുകയും വൈദിക വിദ്യാർഥികളുമായി സംവദിക്കുകയും ചെയ്തു.
- **23 തിങ്കൾ :** 2022-2025 കാലഘട്ടത്തിൽ സഭാകാര്യാലയത്തിൽ ശുശ്രൂഷ ചെയ്തു വരുന്ന എം. എസ്. എം. ഐ. സിസ്റ്റേഴ്സിനു നല്കിയ യാത്രയയപ്പിൽ പങ്കെടുത്തു.
- **25 ബുധൻ :** യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെ ആഭിമുഖ്യത്തിൽ ജർമ്മനിയിലെ സീറോമലബാർ സമൂഹങ്ങളെ സന്ദർശിക്കുന്നതിനു ജർമ്മനിയിലേക്കു യാത്ര തിരിച്ചു.

# സീറോമലബാർസഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നവർ മൗണ്ട്സെന്റ് തോമസിൽ സംഗമിച്ചു



കാക്കനാട്: സീറോമലബാർ സഭയുടെ മിഷൻപ്രവർത്തനങ്ങളെ സഹായിക്കുന്ന ബെനഫാക്റ്റേഴ്സിന്റെ വാർഷിക സംഗമം മേയ് 6ന് മൗണ്ട് സെന്റ് തോമസിൽ നടന്നു. വിവിധഭാഗങ്ങളിൽ നിന്നുള്ള 70 ബെനഫാക്റ്റേഴ്സ് പരിപാടിയിൽ പങ്കെടുത്തു. സീറോമലബാർസഭക്കും മിഷൻ രൂപതകൾക്കും ബെനഫാക്റ്റേഴ്സ് നൽകികൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് സമ്മേളനത്തിൽ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നന്ദി പറയുകയും കൂടുതൽ തീക്ഷണതയോടെ ഇനിയും സഭയുടെ മിഷൻ പ്രവർത്തങ്ങളിൽ പങ്കുചേരാൻ എല്ലാവരെയും പ്രചോദിപ്പിക്കുകയും ചെയ്തു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയാപുരയ്ക്കൽ, ജഗദൽപ്പൂർ ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ, സീറോമലബാർ സഭയുടെ മിഷൻ ഡയറക്ടർ മാർ പ്രിൻസ് ആന്റണി, മിഷൻ ഓഫീസ് സെക്രട്ടറി ഫാ. ഫ്രാൻസിസ് ഏലുവത്തിങ്കൽ, മാത്യു കെ ടി, മിഷൻ ഓഫീസ് സെക്രട്ടറി സി. മെർലിൻ ജോർജ് എം എസ് എം ഐ തുടങ്ങിയവർ പ്രസംഗിച്ചു. ബെനഫാക്റ്റേഴ്സുമായുള്ള തുറന്ന സംഭാഷണം, ആദരിക്കൽ ചടങ്ങ് എന്നിവ നടന്നു. ആരാധനയും ദിവ്യബലിയർപ്പണവും ഉണ്ടായിരുന്നു.

# സുവിശേഷവത്കരണ കമ്മീഷൻ ഡയറക്ടർമാരുടെ സമ്മേളനം



സുവിശേഷവത്കരണ കമ്മീഷൻ ഡയറക്ടേഴ്സിന്റെയും കമ്മീഷൻ അംഗങ്ങളുടെയും സംയുക്ത സമ്മേളനം മൗണ്ട് സെന്റ് തോമസിൽ മെയ് ഏഴിന് നടന്നു. വിവിധ രൂപതകളിൽ നിന്നുള്ള ഡയറക്ടേഴ്സും കമ്മീഷൻ അംഗങ്ങളുംമീറ്റിങ്ങിൽ പങ്കെടുത്തു. സുവിശേഷവത്കരണ കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ നേതൃത്വം നൽകി. വിവിധ രൂപതകളിൽ ചെയ്യേണ്ട മിഷൻ പ്രവർത്തങ്ങളെക്കുറിച്ചു ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

# നിയുക്തബിഷപ്പിന് സ്വീകരണം നല്കി



ജലന്ധർ നിയുക്തബിഷപ് ഫാ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേലിനെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ സ്വീകരിച്ചു. പുതിയ അപ്പസ്തോലിക ശുശ്രൂഷയ്ക്കായി അദ്ദേഹത്തിന് സീറോമലബാർ സഭയുടെ പ്രാർഥനാപൂർവ്വമായ ആശംസകൾ മേജർ ആർച്ചുബിഷപ്പ് നേർന്നു. നിലവിൽ ജലന്ധർ രൂപതയുടെ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തുവരികയായിരുന്നു നിയുക്ത ബിഷപ്. പാലാ രൂപത ചെമ്മലമറ്റം ഇടവകാംഗമാണ്. 1978-ൽ തൃശൂരിലെ മൈനർ സെമിനാരിയിൽ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. ജലന്ധർ രൂപതയിലെ വിവിധ പള്ളികളിൽ വികാരിയായിരുന്നു. മൈനർ സെമിനാരിയുടെ വൈസ് റെക്ടറായും അസിസ്റ്റന്റ് ഡയറക്ടറായും സെന്റ് ഫ്രാൻസിസ് സ്കൂൾ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. രൂപത വിദ്യാഭ്യാസബോർഡ്, പ്രെസ്ബിറ്ററൽ കൗൺസിൽ, കരിസ്മാറ്റിക് ടീം എന്നിവയിലും അംഗമായിരുന്നു. റോമിലെ പൊന്തിഫിക്കൽ അർബൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് നേടിയിട്ടുണ്ട്.



**കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെയും കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെയും, രാജഗിരി കോളേജ് ഫോർ സോഷ്യൽ സയൻസിന്റെയും രാജഗിരി ബിസിനസ് സ്കൂളിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പിൽ പങ്കെടുത്ത 32 രൂപതകളിൽ നിന്നുള്ള പ്രവർത്തകർ സീറോമലബാർസഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിനോടൊപ്പം പരിശുദ്ധ കുർബാനയിൽ പങ്കെടുത്തശേഷം.**



Sacred Heart of Jesus
Patron

# തനിമയിൽ - ഒരുമയിൽ - വിശ്വാസ നിറവിൽ

# കോട്ടയം അതിരൂപത



St. Pius X
Second Patron

*"...കോട്ടയം എന്ന് സാധാരണ അറിയപ്പെടുന്ന പട്ടണത്തിൽ തെക്കുംഭാഗജനതയ്ക്കായി ഒരു പുതിയ വികാരിയത്ത് നാം സ്ഥാപിക്കുന്നു..."*

*- വി. പത്താം പീയൂസ് മാർപാപ്പയുടെ കോട്ടയം വികാരിയത്ത് സ്ഥാപന ബൂളയിൽ നിന്ന്*

എ.ഡി.345ൽ ക്നായി തോമ്മയുടെയും ഉറഹാ മാർ യൗസേപ്പ് മെത്രാന്റെയും നേതൃത്വത്തിൽ വൈദികരോടും ശെമ്മാശന്മാരോടും ചേർന്ന് എദേസ്സായിൽനിന്നു കുടിയേറിയ യഹൂദക്രിസ്ത്യാനികളുടെ പിന്തുടർച്ചക്കാരാണ് ക്നാനായസമുദായാഗംങ്ങൾ. മിഷനറി ദൗത്യവുമായി ഒരുസഭാസമൂഹമായി കേരളത്തിലെ കൊടുങ്ങല്ലൂരിൽ എത്തിച്ചേർന്ന ഈ ക്രൈസ്തവർ കേരളത്തിലെ സഭയെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും ക്രൈസ്തവരുടെ സാമൂഹികമായ ഔന്നത്യം ഉയർത്തിക്കൊണ്ടുവരികയും ചെയ്തു.

1911 ഓഗസ്റ്റ് 29ന് വിശുദ്ധ പത്താം പിയൂസ് മാർപാപ്പ തെക്കുംഭാഗരെന്ന് പരക്കെ അറിയപ്പെടുന്ന ക്നാനായ സമുദായത്തിനായി അപ്പസ്തോലിക വികാരിയാത്ത് സ്ഥാപിച്ചു. അതിർത്തികളില്ലാതെ മലബാറിലും ഹൈറേഞ്ചിലും നോർത്ത് അമേരിക്കയിലും ഇതര രാജ്യങ്ങളിലുമായി ക്നാനായക്കാർ കുടിയേറി. കോട്ടയം കേന്ദ്രമാക്കി 1923ൽ രൂപതയും 2005ൽ അതിരൂപതയുമായി.

ഏഴ് ഇല്ലത്തിൽപ്പെട്ട 72 കുടുംബങ്ങളിലായി 400ഓളം ആൾക്കാരാണ് എഡി 345ലെ കുടിയേറ്റ സമയത്തുണ്ടായിരുന്നതെങ്കിൽ നൂറ്റാണ്ടുകൾക്കുശേഷം ഇന്നും അതേ പാരമ്പര്യത്തിന്റെ ശുദ്ധിയും മഹിമയും കാത്തുപരിപാലിച്ച് 62 ലധികം രാജ്യങ്ങളിലായി രണ്ടു ലക്ഷത്തോളം ക്നാനായ കത്തോലിക്കർ സജീവമായി വിശ്വാസത്തിൽ നിലനിൽക്കുന്നു.

തുടർകുടിയേറ്റങ്ങൾ നടക്കുമ്പോഴും വിശ്വാസവും പൈതൃകവും സഭാസ്നേഹവും അഭംഗുരം കാത്തുസൂക്ഷിക്കുവാനും തനിമയിലും ഒരുമയിലും വിശ്വാസനിറവിലും നിലനിൽക്കുവാനും ഈ പ്രേഷിത കുടിയേറ്റ ജനത സവിശേഷ ശ്രദ്ധ പുലർത്തി. കുടിയേറ്റ രാജ്യങ്ങളിലേക്ക് വൈദികരെയും സമർപ്പിതരെയും അതിരൂപത അയക്കുകയും മിഷനുകളും പള്ളികളും സ്ഥാപിച്ച് സമഗ്ര വളർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തുവരുന്നു.



ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ മെത്രാപ്പോലീത്തൻ കത്തീഡ്രൽ, കോട്ടയം

## മുൻഗാമികളായ വിശ്വാസ ദീപങ്ങൾ



ധന്യൻ മാർ മാത്യു മാക്കീൽ

ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ

## വഴി നടത്തിയ മുൻ പിതാക്കന്മാർ



മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ



മാർ തോമസ് തറയിൽ



മാർ കുര്യാക്കോസ് കുന്നശ്ശേരി

## അതിരൂപതാ നേതൃത്വം



മാർ മാത്യു മൂലക്കാട്ട്
അതിരൂപതാ മെത്രാപ്പോലീത്ത



മാർ ജോസഫ് പണ്ടാരശ്ശേരിൽ
സഹായമെത്രാൻ



ഗീവർഗീസ് മാർ അപ്രേം
സഹായ മെത്രാൻ



ഫാ. തോമസ് ആനിമൂട്ടിൽ
പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്



ഫാ. മൈക്കിൾ വെട്ടിക്കാട്ട്
സിഞ്ചെല്ലൂസ്



ഫാ. തോമസ് ആദോപ്പിള്ളിൽ
ചാൻസലർ



ഫാ. എബ്രാഹം പറമ്പേട്ട്
പ്രൊക്യുറേറ്റർ



മെത്രാസന മന്ദിരം

# തനിമയിൽ –ഒരുമയിൽ – വിശ്വാസ നിറവിൽ കോട്ടയം അതിരൂപത



വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ കോട്ടയം അരമനയിൽനിന്നു മാർഗംകളി വീക്ഷിക്കുന്നു

ക്നാനായക്കാരുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയപള്ളിയിലെ ചരിത്രപ്രസിദ്ധമായ കൽക്കുരിശ്

തെക്കുംഭാഗ ജനതയുടെ പ്രേഷിത കുടിയേറ്റ യാത്രയ്ക്ക് നേതൃത്വം നൽകിയവർ



ക്നായിതോമയും ഉറുഹാ മാർ യൗസേപ്പും

## ക്നാനായ കത്തോലിക്കാ സമുദായം ഒറ്റനോട്ടത്തിൽ

| | |
|---|---|
| കുടുംബങ്ങൾ | 39984 |
| അംഗങ്ങൾ | 198924 |
| രൂപതാ വൈദികർ | 218 |
| സന്യസ്തർ | 1344 |
| അതിരൂപതയിലെ ഇടവകകൾ | 153 |
| ഡയാസ്പ്പറ മിഷനുകളും പള്ളികളും | 54 |
| മിഷനറിമാർ | 1144 |

## അജപാലന കേന്ദ്രങ്ങൾ



- ചൈതന്യ, തെള്ളകം
- ബറുമറിയം, കണ്ണൂർ
- മരിയസദൻ, ഇടുക്കി
- മൽക്കാനായ, കുറ്റൂർ
- പാവന, മാനന്തവാടി
- തൂവാനീസ പ്രാർഥനാലയം

പ്രവർത്തന ക്രോഡീകരണത്തിനായി 5 ഭക്തസംഘടനകളും 21 അജപാലന കമ്മീഷനുകളും

| സന്യാസ സമർപ്പിത സമൂഹങ്ങൾ | സ്ഥാപിതം | അംഗങ്ങൾ |
|---|---|---|
| വിസിറ്റേഷൻ സന്യാസിനി സമൂഹം (SVM) | 1892 | 557 |
| തിരുഹൃദയദാസ സമൂഹം (OSH) | 1921 | 101 |
| സെന്റ് ജോസഫ്സ് സന്യാസിനി സമൂഹം (SJC) | 1928 | 384 |
| കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് | 1961 | 108 |
| കുഞ്ഞുമക്കളുടെ സന്യാസിനി സമൂഹം (LDSJG) | 1980 | 80 |
| വി. പത്താം പിയൂസിന്റെ മിഷനറി വൈദികർ (MSP) | 1985 | 73 |
| വല്ലംബ്രോസിയൻ ബനഡിക്ടൈൻ വൈദികർ (OSB) | 1988 | 41 |

# ക്നാനായക്കാർ–ദൈവാലയ കേന്ദ്രീകൃത ദൈവജന കൂട്ടായ്മ


കൊടുങ്ങല്ലൂരിലെ ക്നായിപറമ്പിൽ മാർത്തോമാശ്ലീഹായുടെ നാമത്തിൽ ക്നായിതോമായും കൂട്ടരും സ്ഥാപിച്ച പള്ളി ഉറഹാ മാർ യൗസേപ്പ് മെത്രാൻ മുതൽ ഭാരതസഭയെ ഭരിച്ചിരുന്ന പൗരസ്ത്യ സുറിയാനിസഭാ മെത്രാൻമാരുടെ ആദ്യകാല ആസ്ഥാനദൈവാലയ മായിരുന്നു. കിനായി തോമായും ഉറുഹ മാർ യൗസേപ്പുമടങ്ങുന്ന ക്നാനായ പൂർവികർ അന്ത്യ വിശ്രമം കൊള്ളുന്നത് ഈ പള്ളിയുടെ ചുറ്റുവട്ടങ്ങളിലാണ്.

1524ൽ കോഴിക്കോട്-കൊച്ചി രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ കൊടുങ്ങല്ലൂരിലെ ഈ ദൈവാലയം അഗ്നിക്കിരയായി. എന്നാൽ ദൈവാലയം സ്ഥിതിചെയ്തിരുന്ന അതേ സ്ഥലത്താണ് പോർച്ചുഗീസുകാർ മാർത്തോമാശ്ലീഹായുടെ നാമധേയത്തിൽതന്നെ പിന്നീട് പള്ളി പണിതത്. പില്ക്കാലത്ത് ഈ പള്ളിയും നശിപ്പിക്കപ്പെട്ടു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും തലിയ കുര്യാക്കോസ് സഹദായുടെയും നാമധേയത്തിലും കൊടുങ്ങല്ലൂരിൽ ക്നാനായ പള്ളികൾ ഉണ്ടായിരുന്നുവെന്നു റോസ് മെത്രാന്റെ റിപ്പോർട്ടിൽ കാണുന്നു. കൊടുങ്ങല്ലൂരിൽ കുര്യാക്കോസ് സഹദായുടെ പള്ളിയിൽ വച്ചാണു പൗരസ്ത്യസുറിയാനിക്രമപ്രകാരമുള്ള വി. കുർബാനയിലെ ബൈബിൾ വായനകൾ അടങ്ങുന്നതും വത്തിക്കാൻ രേഖാലയത്തിൽ സൂക്ഷിക്കപ്പെടുന്നതുമായ ഗ്രന്ഥം, 14 വയസ്സുമാത്രം പ്രായമുള്ള ഡീക്കൻ സക്കറിയാസ് 1301ൽ പകർത്തിയെഴുതിയത്.

കൊടുങ്ങല്ലൂരിൽനിന്നു വിവിധ സ്ഥലങ്ങളിലേക്കു ക്നാനായക്കാർ കുടിയേറിയപ്പോഴും ക്നാനായ വൈദികരുടെ നേതൃത്വത്തിൽ അവിടങ്ങളിലെല്ലാം പള്ളികൾ സ്ഥാപിച്ച് ദൈവാലയകേന്ദ്രീകൃതമായ ദൈവജനകൂട്ടായ്മയായാണ് ഈ സമുദായം വളർന്നത്.

കുടിയേറ്റപിതാക്കന്മാർ അന്ത്യ വിശ്രമം കൊള്ളുന്ന മണ്ണിൽ അതിരൂപതാ 62 സെന്റ് സ്ഥലം വാങ്ങി പൈതൃക സ്മരണയ്ക്കായി 'ഓർമ്മക്കൂടാരം' നിർമ്മിച്ചുവരുന്നു.







ആർച്ചുബിഷപ്പ് കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ ഹെറിറ്റേജ് ഗ്യാലറി, കടുത്തുരുത്തി

- ക്നാനായ സമുദായത്തിന്റെ ചരിത്രവഴികളും പാരമ്പര്യങ്ങളും അവതരിപ്പിച്ചിട്ടുള്ള ഗ്യാലറി

## മിഷനറിമാരായ ക്നാനായ കത്തോലിക്കാ മെത്രാന്മാർ

നിത്യതയിൽ



മാർ എബ്രാഹം വിരുത്തിക്കുളങ്ങര



മാർ സൈമൺ കായിപ്പുറം



മാർ ഡോ. തോമസ് തെന്നാട്ട്


ശുശ്രൂഷപാതയിൽ



മാർ ജെയിംസ് തോപ്പിൽ



മാർ ജോർജ്ജ് പള്ളിപ്പറമ്പിൽ



മാത്യൂസ് മാർ പക്കോമിയോസ്

## അപ്പസ്തോലിക് ന്യൂൺഷ്യോ



ആർച്ച്ബിഷപ്പ് മാർ കുര്യൻ മാത്യു വയലുങ്കൽ

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

CARITAS HOSPITAL & INSTITUTE OF HEALTH SCIENCES

- മാതാ
- കളത്തിപ്പടി
- കൈപ്പുഴ
- പുത്തനങ്ങാടി

### ആതുരാലയങ്ങൾ

- കാരിത്താസ്, തെള്ളകം
- കൊച്ചുലൂർദ്ദ്, കിടങ്ങൂർ
- എം. യു. എം, മോനിപ്പള്ളി
- മേഴ്സി, പയ്യാവൂർ
- കാരിത്താസ് ആയുർവ്വേദ

### സാമൂഹ്യ സേവന പ്രസ്ഥാനങ്ങൾ

KSSS, Kottayam
MASSS, Malabar
GDS, Highrange

കൂടാതെ 18 പുനരധിവാസ സ്ഥാപനങ്ങളും

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ 114**

## ക്നാനായ സമുദായ സംഘടനകൾ

**KCC**

പ്രസിഡന്റ്



ബാബു പറമ്പടത്തുമലയിൽ

**KCWA**

പ്രസിഡന്റ്



ഷൈനി ചൊള്ളമ്പേൽ

**KCYL**

പ്രസിഡന്റ്




ജോണിസ് പി സ്റ്റീഫൻ



സാബു കരിശ്ശേരിക്കൽ പാസ്റ്ററൽ കൗൺസിൽ അൽമായ സെക്രട്ടറി

## ബിഷപ്പ്സ് ഹൗസിലെ രണ്ട് അവിസ്മരണീയ സന്ദർശനങ്ങൾ



വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ
1986 ഫെബ്രുവരി 8



മഹാത്മഗാന്ധി
1925 മാർച്ച് 15

# മെൽബണിലെ പള്ളൊട്ടിൻ കോളേജും അനുബന്ധസ്ഥാപനങ്ങളും സീറോമലബാർ രൂപത ഏറ്റെടുക്കുന്നു; കൂദാശ ജൂലൈ 11 –ന്




കഴിഞ്ഞ ആറു പതിറ്റാണ്ടുകളായി പള്ളൊട്ടിൻ സഭയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനവും അനുബന്ധ സംവിധാനങ്ങളും– സാന്തോം ഗ്രോവ്– മെൽബൺ സീറോമലബാർ രൂപത ഏറ്റെടുക്കുന്നു. സീറോമലബാർ സഭാധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ജൂലൈ പതിനൊന്നിന് രണ്ടു മണിക്ക് വെഞ്ചിരിക്കും. മെൽബൺ രൂപതാധ്യക്ഷൻ മാർ ജോൺ പനംതോട്ടത്തിൽ, രൂപതയുടെ പ്രഥമ അധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ, വികാരി ജനറാൾ മോൺ. ഫ്രാൻസിസ് കോലഞ്ചേരി, ചാൻസിലർ റവ. ഡോ. സിജീഷ് പുല്ലൻകുന്നേൽ, രൂപതയിലെ വൈദികർ, വിശ്വാസികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരിക്കും.

മെൽബൺ സിറ്റിയിൽ നിന്ന് ഏകദേശം അറുപത്തിയഞ്ച് കിലോമീറ്റർ അകലെ യാരാ റേൻജ്സ് കൗൺസിലിന്റെ പരിധിയിൽ മൗണ്ട് ഡോണ ബുവാങ്ങിന്റെ താഴ്‌വരയിലാണ് ഇരുന്നൂറ് എക്കറിൽ അധികം വിസ്തൃതിയിൽ ശാന്തസുന്ദരമായ ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. മലമുകളിൽ സ്ഥാപിതമായിരിക്കുന്ന കുരിശടി, മുന്നൂറോളം ആളുകൾക്ക് ഒരേ സമയം വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാനുള്ള ചാപ്പൽ, എഴുപതിൽ പരം വിദ്യാർഥികൾക്കു പങ്കെടുക്കാവുന്ന ക്യാമ്പ് സൈറ്റ്, എഴുപതോളം മുറികളിലായി ഇരുന്നൂറോളം ആളുകൾക്ക് താമസത്തിനുള്ള സൗകര്യം, നൂറിൽപ്പരം ആളുകൾക്ക് ഒരേ സമയം ഭക്ഷണം കഴിക്കുവാനുള്ള ഹാൾ, നിശബ്ദമായി പ്രാർഥിക്കുവാനും ധ്യാനിക്കാനും ഉതകുന്ന നിരവധി സൗകര്യങ്ങൾ ഇവയെല്ലാം ഈ കേന്ദ്രത്തിന്റെ സവിശേഷതകൾ ആണ്.

ആറു പതിറ്റാണ്ടിലേറെയായി ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വഴി പള്ളൊട്ടിൻ സഭ നൽകിയ സേവനങ്ങൾക്ക് മെൽബൺ രൂപതാധ്യക്ഷൻ മാർ ജോൺ പനന്തോട്ടത്തിൽ നന്ദി അറിയിച്ചു. ഈ സ്ഥാപനത്തിന്റെ പൈതൃകവും ലക്ഷ്യങ്ങളും മെൽബൺ സീറോമലബാർ രൂപതയുടെ സാന്തോം ഗ്രോവ് വഴി വരും തലമുറകൾക്കും അനുഭവയോഗ്യമാകും. അദ്ദേഹം പറഞ്ഞു.

രൂപതാ തലത്തിലുള്ള ധ്യാനങ്ങൾക്കും യുവജന ക്യാമ്പുകൾക്കും ട്രെയിനിങ് പ്രോഗ്രാമുകൾക്കും സാന്തോം ഗ്രോവ് ഒരു വലിയ മുതൽക്കൂട്ടായിരിക്കുമെന്ന് വികാരി ജനറാൾ മോൺ. ഫ്രാൻസിസ് കോലഞ്ചേരി വാർത്താക്കുറിപ്പിൽ അറിയിച്ചു.

# പുരോഹിതരേ നിങ്ങൾ ഒറ്റയ്ക്കല്ല: ലെയോ പതിനാലാമൻ മാർപാപ്പ



പുരോഹിതർ ഒരിക്കലും ഒറ്റയ്ക്കല്ലെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. 'ഞാൻ നിങ്ങളെ സുഹൃത്തുക്കളെന്ന് വിളിച്ചിരിക്കുന്നു' എന്ന മിശിഹായുടെ വാക്കുകൾ ഓർമിപ്പിച്ചുകൊണ്ട് അവ ആശ്വാസകരമായ പ്രസ്താവന മാത്രമല്ല, പൗരോഹിത്യശുശ്രൂഷയുടെ അന്തസത്ത മനസ്സിലാക്കുന്നതിനുള്ള താക്കോലാണെന്നും മാർപാപ്പ വ്യക്തമാക്കി. ആനന്ദം നിറഞ്ഞ വൈദികരേ ഞാൻ നിങ്ങളെ സ്നേഹിതരെന്നു വിളിച്ചിരിക്കുന്നു' എന്ന ആപ്തവാക്യത്തിൽ നടന്ന അന്താരാഷ്ട്ര വൈദിക സമ്മേളനത്തെ അഭിസംബോധന ചെയ്തുസംസാരിക്കുകയായിരുന്നു പാപ്പ. പൗരോഹിത്യരൂപീകരണത്തിന്റെയും ജീവിതത്തിന്റെയും സാഹോദര്യമാനം ഊന്നിപ്പറഞ്ഞ പാപ്പ, പുരോഹിത രൂപീകരണത്തെക്കുറിച്ചുള്ള മൂന്ന് പ്രധാന ഉൾക്കാഴ്ചകൾ പങ്കുവച്ചു. ബന്ധത്തിന്റെ ഒരു പാതയായി പൗരോഹിത്യ പരിശീലനം മാറണം

രൂപീകരണം, ബന്ധങ്ങളിൽ വേരൂന്നിയതായിരിക്കണം കഴിവുകളോ അറിവോ നേടുന്നതിൽ മാത്രമല്ല് ദൈവവുമായുള്ള അടുപ്പത്തിൽ വളരുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഏറ്റവും വിദൂരമിഷൻ പ്രദേശങ്ങളിൽ പോലും ഒരു പുരോഹിതനും യഥാർഥത്തിൽ ഒറ്റയ്ക്കല്ല.

പുരോഹിതന്മാർക്കിടയിലുള്ള സാഹോദര്യ ബന്ധങ്ങൾ അനിവാര്യമാണ്. എതിരാളികളായോ ഒറ്റപ്പെട്ട വ്യക്തികളായോ അല്ല, യഥാർഥ സഹോദരന്മാരായി ജീവിക്കാൻ പാപ്പ പുരോഹിതന്മാരെയും സെമിനാരി വിദ്യാർഥികളെയും ആഹ്വാനം ചെയ്തു. 'നമ്മുടെ ഇടയിൽ യഥാർഥവും ആത്മാർത്ഥവുമായ സാഹോദര്യം ഇല്ലെങ്കിൽ, ശുശ്രൂഷകരെന്ന നിലയിൽ നമുക്ക് എങ്ങനെ ഊർജ്ജസ്വലമായ സമൂഹങ്ങൾ കെട്ടിപ്പടുക്കാൻ കഴിയും?' അദ്ദേഹം ചോദിച്ചു. മറ്റുള്ളവരുമായി കൂട്ടായ്മയിൽ സ്നേഹിക്കാനും കേൾക്കാനും പ്രാർഥിക്കാനും സേവിക്കാനും കഴിവുള്ള മനുഷ്യരെ രൂപപ്പെടുത്തുക എന്നതാണ് പൗരോഹിത്യ രൂപീകരണം ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ വൈദികാർഥികളെ രൂപപ്പെടുത്തുന്നതിൽ നാം വളരെയധികം ശ്രദ്ധിക്കണം. പാപ്പാ പറഞ്ഞു. യുവജനങ്ങളെ അവരുടെ ദൈവവിളി തിരിച്ചറിയാനും ദൈവത്തിന്റെ സ്വരത്തോടു പ്രതികരിക്കാനും പ്രചോദിപ്പിക്കുന്ന പുതിയതും ജീവദായകവുമായ ആശയങ്ങൾ നിർദ്ദേശിക്കുന്നതിൽ ധൈര്യവും സർഗ്ഗാത്മകതയും പുലർത്താൻ പുരോഹിതരെ മാർപാപ്പ പ്രോത്സാഹിപ്പിച്ചു.

# കൊളോൺ ഫ്രൗവൻ ദൈവാലയത്തിൽ തിരുനാൾ ആഘോഷിച്ചു



കൊളോൺ മ്യൂൾഹൈമിലുള്ള ലീബ് ഫ്രൗവൻ ദേവാലയത്തിൽ പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ തോമാശ്ലീഹായുടെയും തിരുനാൾ സംയുക്തമായി ആഘോഷിച്ചു. സീറോമലബാർസഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ദിവ്യബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത് സഹകാർമ്മികനായിരുന്നു. വിശുദ്ധ കുർബാനയെ തുടർന്ന് പ്രദക്ഷിണം, സ്നേഹവിരുന്ന്, സാംസ്കാരികപരിപാടികൾ എന്നിവ നടന്നു. ജൂൺ 28, 29 തീയതികളിലായിരുന്നു തിരുനാൾ ആഘോഷം.

# സെമിനാരി സ്നേഹത്തിന്റെ പാഠശാലയായിരിക്കണം: മാർപാപ്പ



സെമിനാരി ഏതുരീതിയിൽ വിഭാവനം ചെയ്താലും സ്നേഹത്തിന്റെ പാഠശാലയായിരിക്കണമെന്നും സംഘർഷവും സ്വാർത്ഥതയും നിറഞ്ഞ സാമൂഹികവും സാംസ്കാരികവുമായ ഇന്നത്തെ സാഹചര്യത്തിൽ, ഈശോയെപ്പോലെ സ്നേഹിക്കാനും പ്രവർത്തിക്കാനും നാം പഠിക്കേണ്ടതുണ്ടെന്നും മാർപാപ്പ. സെമിനാരി വിദ്യാർഥികളുടെ നാലായിരത്തോളം പേരടങ്ങുന്ന സംഘത്തെ വത്തിക്കാനിലെ വിശുദ്ധപത്രോസിന്റെ ബസിലിക്കയിൽ ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി സ്വീകരിച്ചു സംസാരിക്കുകയായിരുന്നു പാപ്പ.

മിശിഹാ ഒരു വ്യക്തിയെ പൗരോഹിത്യത്തിലേക്കു വിളിക്കുന്നത് തന്നോടും തങ്ങളോടൊപ്പമുള്ളവരോടും സൗഹൃദത്തിന്റെ അനുഭവം ജീവിക്കാനാണ്. ഈ സൗഹൃദാനുഭവം പൗരോഹിത്യ സ്വീകരണത്തിന് ശേഷവും സ്ഥായിയായ രീതിയിൽ വളരേണ്ടതും ജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളേണ്ടതുമാണ്. മിശിഹായുടെ ഹൃദയംകൊണ്ട് സ്നേഹിക്കുകയെന്ന കല അഭ്യസിക്കുന്നതിന് പരമപ്രാധാന്യം നൽകണമെന്നും പാപ്പ ഓർമപ്പെടുത്തി.

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam